
മാഗസിൻ 2019
നാഭേയ
ജി.എച്ച്.എസ്. ബമ്മണൂർ




# ജി . എച്ച് .എസ് .ബമ്മണൂർ

## പരുത്തിപ്പുള്ളി

## കുഴൽമന്ദം ഉപജില്ല

## പാലക്കാട്

# സന്ദേശം



കുഞ്ഞുമനസ്സിൽ ഇതൾ വിരിയുന്ന കഥയും കവിതയും വിവരണങ്ങളും ഉൾപ്പെടുന്ന 'നാദേയ'ത്തിന് സംസ്കാരസമ്പന്നരായ പുതുനാമ്പുകളെ തളിരണിയിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു .....

ഹെഡ്മിസ്ട്രസ്

ഇന്ദിര .കെ

# എഡിറ്റോറിയൽ

മാനവികത
അക്ഷരങ്ങൾ മാത്രമായ് മാറുന്ന
വർത്തമാന കാലത്തിന്റെ
നേർസാക്ഷ്യങ്ങൾക്കുമുന്നിൽ
നിഷ്കളങ്ക ബാല്യത്തിന്റെ
അക്ഷരനദിയിൽ നിന്നും
ഞങ്ങൾ പെറുക്കിയെടുത്ത
ചെറുമുത്തുകൾ
നന്മയുടെ ഇത്തിരിവെട്ടമെങ്കിലും
മനസ്സിൽ കൊളുത്താൻ കഴിഞ്ഞെങ്കിൽ.....



ഇഷ്റാഖ്.എ.ഐ
സ്റ്റുഡന്റ്സ് എഡിറ്റർ

# എഡിറ്റോറിയൽ ബോർഡ്

## സ്റ്റാഫ് എഡിറ്റേഴ്സ്


പ്രതിഭ.എസ്



പ്രേമൻ


റസീന.ബി.എച്ച്


വിജയൻ

## സ്റ്റുഡന്റ്സ് എഡിറ്റേഴ്സ്


ഇഷ്റാഖ്.എ.ഐ


ഷിഫ നസ്രിൻ


ഇർഷാദ്.എൻ.എസ്


നിഹാല ജെബിൻ


ഷാഹിദ്.കെ.എസ്


ഷഹന.എ.എസ്


സഹല പർവിൻ




# ലിറ്റിൽ കൈറ്റ്സ് ടീം

**താളുകളിലൂടെ......**

...................................................................................................2
സന്ദേശം...............................................................................................3
എഡിറ്റോറിയൽ.......................................................................................4
എഡിറ്റോറിയൽ ബോർഡ്.........................................................................5
കറുപ്പ്..................................................................................................10
മസാലദോശ..........................................................................................11
കടൽ....................................................................................................13
ത്യാഗത്തിനൊരു പുതിയ കാഴ്ചപ്പാട്...........................................................14
കാഴ്ചയുണ്ടെങ്കിലെന്ന ഞാൻ..................................................................15
.........................................................................................................16
മാധുര്യം നിറഞ്ഞ മലയാളം....................................................................16
.........................................................................................................17
തകരുകില്ലൊരിക്കലും ഈ.....................................................................17
കരുത്ത്...............................................................................................17
നാടൻ കലകൾ.....................................................................................18
ദാരിദ്ര്യം..............................................................................................19
.........................................................................................................22
ആ മഴയിൽ..........................................................................................22
സ്ക്കൂൾ...............................................................................................23
കള്ളൻ.................................................................................................24
എന്റെ ലോകം.......................................................................................26
കണ്ണുനീർ ( 2018 - ലെ പ്രളയം)...............................................................27
.........................................................................................................29
കുഞ്ഞുപക്ഷി.........................................................................................29
.........................................................................................................30
യാത്ര...................................................................................................30

.....................................................................................................33
കഥകളി.........................................................................................33
.....................................................................................................33
അമ്മനിലാവ്..................................................................................34
ഓണപ്പാട്ട്.......................................................................................35
അമ്മ.............................................................................................36
എന്താണ് ജീവിതം.........................................................................37
.....................................................................................................38
മനുഷ്യൻ ബലൂണിൽ.......................................................................38
എന്റെ കർമ്മങ്ങൾ...........................................................................39
പുഴതൻ അടിത്തട്ടിൽ......................................................................40
.....................................................................................................41
കാറ്റ്...............................................................................................41
എന്റെ ബാല്യം................................................................................42
സൗഹൃദം ഒരു കടൽത്തിരയായി......................................................43
ഫൈസ ബാനു.ടി.എം........................................................................43
.....................................................................................................45
മാത്സ് ക്ലാസ്....................................................................................45
സൃഷ്ടാവ്.........................................................................................46
മകൾ..............................................................................................47
.....................................................................................................49
മയക്കുമരുന്നുകൾക്കെതിരെ............................................................49
നിറം................................................................................................51
അനാഥത്വം.....................................................................................52
.....................................................................................................53
എന്റെ സ്കൂൾ...................................................................................53
എന്റെ ഗ്രാമം...................................................................................54
.....................................................................................................55
പഴഞ്ചൊല്ലുകൾ..............................................................................55

........................................................................................55
അഭിനവ കവി.........................................................................56
തേങ്ങും പുഴ...........................................................................57
പാഴ്ച്ചെടി..............................................................................58
നുറുങ്ങുകൾ............................................................................59
പക.........................................................................................59
പ്രളയം....................................................................................60
ജീവിതം..................................................................................60
രക്ഷ.......................................................................................60
വികസനം................................................................................60
ആയുസ്സ്...................................................................................60
ഇന്ന് കാണുന്നവ....................................................................61
നാളെ ഉണ്ടാകുമോ...................................................................61
പാക്കനാരുടെ ബാല്യം.............................................................62
........................................................................................64
കവിത......................................................................................64
........................................................................................66
പ്രിയ കർണികാരമേ..................................................................66
പ്രളയ ദുരന്തങ്ങൾ.....................................................................67
ഇമ്മിണി ബല്ല്യ സുൽത്താൻ(ബഷീറിനെക്കുറിച്ച്)...........................69
നീ അത്രമാത്രം..........................................................................70
വളർന്നോ...?............................................................................70
........................................................................................71
നന്ദി........................................................................................72



# കറുപ്പ്

ഗോപിക.കെ.ജെ
10C

ഇരുട്ട് കൂട്ടുകൂട്ടിയ
പുഴയിലെ മണൽത്തരികളിൽ
തുറന്ന രാത്രിയുടെ
ഡയറിക്കുറിപ്പിൽ
എരിഞ്ഞു തീരാറായ
ആകാശപ്പെട്രോമാക്സിലെ
തിരിനാളത്തിന്റെ
തുമ്പുകൊണ്ടെഴുതിയ
അനുഭവങ്ങളുടെ
കീറിമുറിഞ്ഞ പേജുകളെ
ഒതുക്കിപ്പിടിച്ച്
നിഴലുകൾ ചത്തു വീണ
നാട്ടുവഴികളി ലേയ്ക്ക്
പ്രതിഫലിപ്പിക്കുകയാണ്
പുകയാൽ നെയ്ത്
കറുപ്പിന്റെ കണ്ണാടി.





# മസാലദോശ

നിഹാല ജെബിൻ
9 c



പണ്ട് പണ്ട് വൃന്ദാവനം എന്ന ഗ്രാമത്തിൽ ഒരു സാധാരണക്കാരായ ചെറുകുടുംബം താമസിച്ചിരുന്നു. അവരിൽ അച്ഛൻ, അമ്മ ,മുത്തച്ഛൻ, മുത്തശ്ശി, ചേട്ടൻ,ചേച്ചി പിന്നെ അവരുടെയെല്ലാം പ്രിയപ്പെട്ട കുഞ്ഞനുജത്തി അമ്മിണിക്കുട്ടിയും.അമ്മിണിക്കുട്ടിയുടെ അച്ഛൻ ഒരു കൃഷിക്കാരനാണ്.അദ്ദേഹത്തിന് പത്തേക്കറോളം കൃഷിയിടം ഉണ്ടായിരുന്നു അതിൽ നിന്നും കിട്ടുന്ന പച്ചക്കറികളും പഴങ്ങളും അരിയും വിറ്റിട്ടാണ് ആ കുടുംബത്തെ അമ്മിണിക്കുട്ടിയുടെ അച്ഛൻ നോക്കുന്നത്.വൈകുന്നേരമായാൽ അദ്ദേഹം പട്ടണത്തിൽ പോകാറുണ്ട്.പലചരക്കുകൾ വിൽക്കുവാൻ വേണ്ടി അങ്ങനെയിരിക്കെയൊരിക്കൽ അമ്മിണിക്കുട്ടി സ്കൂളിൽ ഉച്ചഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് സ്കൂളിലെ കുട്ടികൾ പട്ടണത്തിലെ പുതിയ ഹോട്ടലിലെ ഭക്ഷണവിഭവങ്ങളെ കുറിച്ച് സംസാരിക്കുന്നത് അമ്മിണിക്കുട്ടിയോട് അവളുടെ കൂട്ടുകാരി പറഞ്ഞു.എടീ നിനക്കറിയോ പുതിയ ഹോട്ടലിൽ ഇപ്പോൾ വലിയ തിരക്കാ എന്തെന്നോ ? അമ്മിണിക്കുട്ടി ആകാംക്ഷയിൽ ഇരുന്നു.അവിടത്തെ മസാലദോശ പറഞ്ഞറിയിക്കാൻ പറ്റാത്തട്ടുത്തോളം രുചിയാ.ഞാനും അച്ഛനും അന്ന പട്ടണത്തിൽ പോയപ്പോൾ അവിടെ കയറിയിരുന്നു. എന്റെപൊന്നോ എന്തൊരു രുചിയാ അതിന്റെ മസാല ഓ എന്തൊരു രസം....................അത് കേട്ടപ്പോൾ അമ്മിണിക്കുട്ടിയുടെ

വായയിൽ കപ്പലോടി.അത് കേട്ടപ്പോൾ അവളുടെ അമ്മ ആക്കിക്കൊടുത്ത പയറും ചോറും തൊണ്ടയിലൂടെ ഇറങ്ങാതായി.പിന്നെ അവളുടെ മനസ്സിൽ മസാലദോശ മാത്രമായി പിന്നെ വീട്ടിലെത്തി അവൾ പൂമുഖത്ത് അച്ഛൻ കൃഷിയിടത്തിൽ നിന്നു വരുന്നതും കാത്തിരുന്നു.അങ്ങനെ അച്ഛൻ വീട്ടിലെത്തി.അമ്മിണിക്കുട്ടി വേഗം പുതിയ വസ്ത്രങ്ങളെല്ലാം വാരിവലിച്ചിട്ട് അതിലെ ഒന്നെടുത്തിട്ട് പുറത്ത് നിന്നു.

അച്ഛൻ പട്ടണത്തിലേക്ക് പോവാൻ ഇറങ്ങിയപ്പോൾ അമ്മിണി കുട്ടിയോട് ചോദിച്ചു.എങ്ങോട്ടാ മോളേ പുതിയ ഉടുപ്പുമിട്ടു പോകാൻ നിൽക്കുന്നഅപ്പോഴാണ് വീട്ടിനുള്ളിൽ നിന്ന് ഉറക്കെ അമ്മയുടെ ഒച്ച "ഇവിടെയുള്ള ഉടുപ്പെല്ലാം വാരിവലിച്ചിട്ട് പോയിരിക്കുന്നു".അത് കേട്ടപ്പോൾ അച്ഛന് മനസ്സിലായി അമ്മിണിക്കുട്ടി എന്തൊക്കെയോ സ്കൂളിൽ നിന്നും കേട്ട് എങ്ങോട്ടോ പോവാൻ നിൽക്കുകയാ. അന്നൊരിക്കൽ സ്കൂളിലെ കുട്ടികൾ പറഞ്ഞത് കേട്ട് സിനിമ കാണാൻ വാശിപിടിച്ച് കൊണ്ട് പോകുന്നത് വരെ ഒന്നും കഴിക്കാതിരുന്നത് അച്ഛനോർത്തു .എന്നിട്ട് അമ്മിണി കുട്ടിയോട് ചോദിച്ചു എന്താ ഉദ്ദേശ്യം.അപ്പോൾ അമ്മിണിക്കുട്ടി കാര്യം പറഞ്ഞു. ആദ്യം അച്ഛൻ സമ്മതിച്ചില്ലെങ്കിലും അവൾ കരഞ്ഞു വാശി പിടിച്ചു സമ്മതിപ്പിച്ചു
അങ്ങനെയവർ ഹോട്ടലിൽ കയറി രണ്ട് മസ്സാല ദോശ ഓർഡർ
ചെയ്തു .പിന്നെ അവൾ ഹോട്ടൽ ഒന്നു ചുറ്റിനോക്കി അപ്പോഴാണ് അവളുടെ ശ്രദ്ധയിൽ പെട്ടത്.ഒരുവൃത്തിയില്ലാത്തൊരു മനുഷ്യൻ
അയാൾക്ക് ചുറ്റും ഈച്ചകളുണ്ടായിരുന്നു .പഴകിയ വസ്ത്രമാണ് അയാൾ
ധരിച്ചിരുന്നത്.കണ്ടാൽ കുളിച്ചിട്ട് രണ്ട് മാസമായെന്ന്തോന്നും. അയാളുടെ ആ വൃത്തിയില്ലാത്ത മുണ്ട്കൊണ്ട് അവിടെയുള്ള പാത്രങ്ങളെല്ലാം തുടച്ച് വൃത്തിയാക്കുന്നു.പിന്നെ മറ്റൊരു ഭാഗത്ത്
ഒരു ചെറുക്കൻ ഒരു പാത്രത്തിൽ വൃത്തിയില്ലാത്ത വെള്ളത്തിൽ
പാത്രങ്ങൾ കഴുകുന്നു.അവനു ചുറ്റും എലികളുണ്ടായിരുന്നു.ഇതെല്ലാം കണ്ടപ്പോൾ അമ്മിണിക്കുട്ടിക്ക് മതിയായി.അവൾ കരഞ്ഞുകൊണ്ട്
വീട്ടിലേക്കോടി.അവൾക്ക് തോന്നി ഈ ഭക്ഷണത്തിനേക്കാൾ അമ്മയുടെ കഞ്ഞിയുംപയറുമാണ് നല്ലത് എന്ന്.



# കടൽ

രുദ്ര.എൻ .വി

9B

ഇരമ്പുന്നുണ്ടടിക്കുന്നുണ്ടകലെയതാ
കാതിൽ ആഞ്ഞടിക്കുന്ന ശബ്ദമതാ
മണലുതൻ അതിഥികളാം തിരമാലകളെ
കൈയിലേന്തി വരുന്നൊരു കടലതാ.... മനക്കുഴികളുമുണ്ടാ കടലിൽ
പുതിയ ജീവിത വഴികളുമാ കടലിൽ
മരണം പേറും കടലിനെ നാം
പുതിയ ജീവിത സഹനമാക്കും
മുക്കുവന്റെ അടുക്കള പുകയുന്നതും
രുചികൾ നിറയും വിഭവങ്ങളുണ്ടാകുന്നതും
കടലിൻ നടുവിൽ നിന്നാണല്ലോ
കടൽ കരയിലെ ചാകരയായ്....
കടൽ വലിയൊരു മഹാ സത്യം
അതിൻ മക്കൾ നാം എല്ലാം
എന്നാലോ ഈ വേളകളിൽ
കടൽ നശിക്കും നേരമാ....
സംരക്ഷിക്കാം അമ്മയാം കടലിനെ
സംരക്ഷിക്കാം തിരമാലതൻ അമ്മയെ.....





# ത്യാഗത്തിനൊരു പുതിയ കാഴ്ചപ്പാട്


ബിനി.B
9A

വിനോബഭാവെയ്ക്കു ഗാന്ധിജിയെ വലിയ ഇഷ്ടമായിരുന്നു. സബർമതി ആശ്രമത്തിൽ വിനോബ ഒരിക്കൽതാമസിക്കാൻ എത്തി. ഗാന്ധിജി അന്നവിടെ അത്താഴത്തിനുണ്ടാക്കിയത് പാവയ്ക്ക കറിയായിരുന്നു. വിനോബയ്ക്ക് ആ കറി ഒട്ടും ഇഷ്ടമല്ല .ഗാന്ധിജി വിളമ്പി തരുമ്പോൾ എങ്ങനെ വേണ്ടെന്നു പറയും. അദ്ദേഹമതു മുഴുവൻ ഒറ്റയടിക്ക് വായിലിട്ടു കഷായം വിഴുങ്ങുമ്പോലെ ഇറക്കി. കറി വളരെയേറെ ഇഷ്ടമായെന്നു കരുതി വീണ്ടും പാവയ്ക്ക കറി വിളമ്പിക്കൊണ്ടിരുന്നു.

ഇതേ പറ്റി വിനോബാജി പിൽക്കാലത്ത് പറഞ്ഞതിങ്ങനെ ഇഷ്ടമുള്ളത് തള്ളികളയുന്നത് മാത്രമല്ല ഇഷ്ടമില്ലാത്തത് സ്വീകരിക്കുന്നതും ത്യാഗം തന്നെയാണ് .ഒരു ആദർശത്തിന് വേണ്ടി എന്നും തള്ളുന്നതു പോലെ തന്നെ കൊള്ളുന്നതും ത്യാഗം തന്നെ.



# കാഴ്ചയുണ്ടെങ്കിലെന്ന ഞാൻ




ഒരുനാൾ കാഴ്ച്ചയുണ്ടെങ്കിലെന്ന ഞാൻ
ഒരോനാളും കൊതിപ്പൂ

എൻ സ്നേഹമാർന്ന അമ്മയേ കാണാൻ

കിനവാർന്ന ദൈവത്തെ കാണാൻ

ദിനം തോറും കൊതിപ്പൂ എൻമനം

സൂര്യനെ നോക്കി പുഞ്ചിരിക്കും

നിറമാർന്ന പൂക്കളെകാണാൻ

പൂക്കളിൽ തേൻ നുകരും

ചിത്രശലഭത്തെക്കാണാൻ

താരാട്ടിൻ ഈണത്തിൽ പാടും

പൂങ്കുയിലിനെയൊന്നുകാണാൻ

കാറ്റിന്റെ സ്പർശനത്തിൽ പുഞ്ചിരിക്കും

കടലിന്റെ അലകളെകാണാൻ

സ്നേഹത്താൽ വാരിപ്പുണരുമെൻ

അച്ഛനെയൊന്നു കാണാൻ

ഒരുനാൾ കാഴ്ച്ചയുണ്ടായിരുന്നെങ്കിലെന്നു ഞാൻ

ഓരോ നാളും കൊതിപ്പൂ................

അഭിനന്ദ് .K.P

7.A



# മാധുര്യം നിറഞ്ഞ മലയാളം

ഗോപിക .K.G
10.C




ക : നമസ്കാരം

,സുഹൃത്തേ................എന്താ ഒരാലോചന

ങ : ഓ..... ഒന്നുമില്ലാന്നെ....ഞാൻ ഒന്നിനും കൊള്ളില്ല  സത്യത്തിൽ.....?

ക: അതെന്താ ഇപ്പോ ഇങ്ങനെ തോന്നാൻ?ഇങ്ങനെയാലോചിക്കാൻ എന്താ ഉണ്ടായത് ?

ങ: അത്......നമ്മുടെ മറ്റ് സുഹൃത്തുക്കൾ എന്നെ കളിയാക്കുന്നു ഞാനൊന്നിനും കൊള്ളാത്തവനും നിങ്ങളുടെ കൂട്ടത്തിൽ കൂടാൻ  യോഗ്യത ഇല്ലാത്തവനാണെന്നാണ് അവരുടെ വാദം

ക: സുഹൃത്തേ ഞാൻ പറയുന്നത് നീ ശ്രദ്ധിച്ചു കേൾക്കു..........നാം എല്ലാവരും മലയാള ഭാഷയുടെ ഭാഗമാണ് .നമ്മളിലൊരുവനും ചെറുതോ വലുതോ അല്ല ഞാനും നീയും മറ്റു അക്ഷരങ്ങളും ചേരുമ്പോഴാണ് മലയാളമെന്ന ശ്രേഷ്ഠ ഭാഷ പൂർണമാകുന്നത് . മലയാളം മധുരം നിറഞ്ഞ മലയാളമാണ് . മലയാളഭാഷയുടെ തറവാട്ടിലൊരംഗമാകാൻ കഴിഞ്ഞതിൽ അഭിമാനിക്കൂ . നാം മാത്രമല്ല ഏതൊരു ഭാഷയും മോശമല്ല .



# തകരുകില്ലൊരിക്കലും ഈ കരുത്ത്

ഷഹന.എ.എസ്
9C

2018 എന്ന ഈ വർഷത്തിൽ കേരളം ഒറ്റകെട്ടായിനിന്ന ഈ വർഷം തുടക്കത്തിൽ തന്നെ 'ഓഖി' ചുഴലിക്കാറ്റ് വന്ന് കേരളത്തെ കവർന്നെടുത്തുപോയി.കേരളത്തിലെ കടലോര പ്രദേശങ്ങൾ ഭാഗികമായി നശിച്ച.'നിപ്പ' അതിമാരകമായ രോഗം അതു ബാധിച്ചവർ പത്തോപതിനഞ്ചോ ദിവസത്തിൽ കൂടുതൽ ആ മനുഷ്യൻ ജീവിച്ചില്ല.ചികിത്സയില്ലാതെ ജനങ്ങൾ മരിച്ച തുടങ്ങി.വിദേശത്തു നിന്നും മറ്റും മരുന്നുകളും ചികിത്സയും നൽകി




ഈ രണ്ട് ദുരിതത്തിൽ നിന്നും കര കയറി വന്നപ്പോൾ ഇതാ, കേരളത്തെ നടുക്കിയ കേരളത്തെ കവർന്നെടുത്ത മഹാ പ്രളയം. ഈ പ്രളയത്തിൽ 25 വർഷങ്ങൾക്ക് ശേഷം കേരളത്തിലെ ഏറ്റവും ഉയരം കൂടിയ ഇടുക്കി അണക്കട്ടിലെ അഞ്ച്ഷട്ടറുകളും തുറന്നു.കടുത്ത രക്ഷാ പ്രവർത്തനത്തിൽ നാട്ടുകാരും, മത്സ്യതൊഴിലാളികളും, സൈന്യവും ഒറ്റക്കെട്ടായി നിന്ന് കേരളം അതിജീവിച്ച മുന്നേറി.

# നാടൻ കലകൾ

## കുമ്മാട്ടി



ഉത്തര കേരളത്തിൽ ആഘോഷിക്കുന്ന അനുഷ്ഠാന നൃത്തങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കുമ്മാട്ടി. കുമ്മാട്ടിപ്പുല്ല് എന്ന ഒരിനം പുല്ല് കൊണ്ട് ശരീരമാകെ മറച്ച് കൊണ്ട് ആടുന്നത് കൊണ്ടാണ് ഈ പേര് കിട്ടിയത്. പൊയ്മുഖവും വെച്ച കെട്ടിയിരിക്കും. കേരളത്തിൽ പ്രധാനമായും തൃശ്ശൂർ, വയനാട്, പാലക്കാട് എന്നീ ജില്ലകളിലാണ് കുമ്മാട്ടി നിലവിലുള്ളത്. രാമായണം, മഹാഭാരതം എന്നീ ഇതിഹാസങ്ങളിലെ കഥാപാത്രങ്ങളെയാണ് കുമ്മാട്ടി വേഷക്കാർ അവതരിപ്പിക്കുന്നത്. ഹനുമാൻ , ഭീമൻ, ശിവൻ, കിരാതൻ, കാട്ടാളൻ, നാരദൻ, ശ്രീകൃഷ്ണൻ, രാവണൻ എന്നിവരാണ് കുമ്മാട്ടി അവതരിപ്പിക്കുന്ന കഥാപാത്രങ്ങൾ. കുമ്മാട്ടിയിലെ പ്രധാന കഥാപാത്രം തള്ളവാണ്.

## തിരുവാതിര

കേരളത്തിലെ നാടൻ നൃത്തങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് തിരുവാതിരക്കളി. സ്ത്രീകൾ മാത്രം പങ്കെടുക്കുന്ന ഈ നൃത്തത്തിന് കുമ്മി, കൈകൊട്ടിക്കളി എന്നിവയോടും സാദൃശ്യം ഉണ്ട്.ധനുമാസത്തിലെ തിരുവാതിര നാളിൽ നടത്തുന്ന ഈ വിനോദത്തിൽ പരമശിവനെ പ്രകീർത്തിക്കുന്ന ഗാനങ്ങൾ ആലപിക്കുന്നു.

ഷാഹിദ്.കെ.എസ്
9 C




# ദാരിദ്ര്യം

രുദ്ര.എൻ.വി
9.B

പുകയുകയാണിന്നീ ലോകത്തിൽ ഞാൻ
ഒട്ടിയ വയറുമായ് വറ്റിയ നാവുമായ്
കൊതിക്കുകയാണൊരു വറ്റിനായ് മാത്രം
പൊഴിക്കുകയാണെൻ കണ്ണുന്നീർ മുഴുവൻ
ഭിക്ഷയാചിക്കുമെൻ കരങ്ങൾ
ഭക്ഷണം കണ്ടിട്ട് നാൾ ഏറെയായ്.
നാവുവരണ്ടു പോയ്
കരങ്ങൾ പാറകല്ലുമായ്
എന്റെ ശരീരം വെറും
അസ്ഥികൂടം മാത്രം


അമ്മയില്ലാതെ സഹോദരങ്ങളില്ലാതെ
ഒട്ടിയ വയറുമെൻ അസ്ഥികൂടം മാത്രം
അശാന്തിയുടെ വേനലിൽ ഞാനിതാ ഒഴുകുന്നു
എത്രപേരെന്നെയാട്ടിയിറക്കുന്നു...
അവിടയുമിവിടയും തട്ടിത്തടഞ്ഞു ഞാൻ
തലചായ്ക്കാനൊരിടം തേടിനടക്കുമ്പോൾ
ഒരുവറ്റ് ചോറിനായ് ഞാൻ കേഴുമ്പോൾ
എന്നു ഞാനീ ഭൂമിയിൽ നിന്ന്
വിട പറയും ?
എനിക്കറിയില്ലാ എനിക്കായ് എന്ന്
സ്വർഗ്ഗ വാതിൽ തുറക്കും ?
തുടരുകയാണെന്റെയീ ജീവിതം
ദാരിദ്ര്യത്തിൻ അശാന്തിയുടെ നാളുകൾ......


Thasni Yoo




Nihala Jebin
9.c


Irshad
N. S


Mahatma Gandi
by Anilkumar.K.J -8.C


" ലോകാസമസ്താ
സുഖിനോ ഭവന്തു "
Prajetal A.V
11/10/2018


Nihala Jebin
9.C


Suhail



# ആ മഴയിൽ

അർച്ചന.പി.എ
8.B

**കോ**രിച്ചൊരിയുന്ന മഴയത്ത് അവളും അമ്മയും ആ വീട്ടിലെ ഇടുങ്ങിയ മുറിയിൽ പുത്തൻ നാളിനേയും പ്രതീക്ഷിച്ചിരിക്കുകയാണ്."അമ്മേ വിശന്നിട്ട് വയ്യ"അവൾ പറഞ്ഞു."മോളേ,ഈ മഴയത്ത് എങ്ങനെയാ പീടികയിലേക്ക് പോവുക? അരിയും സാധനങ്ങളും തീർന്നു.നിനക്ക് തരാൻ ഞാൻ എന്തെങ്കിലും ഉണ്ടോ എന്ന് നോക്കിയിട്ട് വരാം".അമ്മ തിരഞ്ഞു മൺ കുടത്തിന്റെ ഏറ്റവുമടിയിൽ കല്ലുനിറഞ്ഞ ഒരു പിടി അരിയുണ്ട്.അമ്മ അരി വേവിക്കാൻ വെച്ചു.ഉമ്മറതിണ്ണയിൽ ചെന്നു അവളെ കഴിക്കാൻ വിളിക്കാൻ ...പെട്ടന്ന് എന്തോ



വീഴുന്നതിന്റെ ശബ്ദം കേട്ടു.ആ ചോറുള്ള മൺ പാത്രത്തിന്റെ മുകളിൽ പൂച്ച വീണ് ആ പാത്രം പൊട്ടിക്കിടക്കുന്നു.

മോളുടെ സങ്കടം സഹിക്കാൻ കഴിയാത്ത അമ്മ ആ മഴയത്ത് പീടികയിലേക്ക് പോയി.ആ മഴയത്ത് നനഞ്ഞിട്ടാണ് അമ്മ പീടികയിലേക്ക് പോയത്.ഒരു കുട പോലുമില്ല.കുറേന്നേരമായിട്ടും അമ്മ വന്നില്ല. അവൾക്ക് ഭയം തോന്നി.മഴ കുറച്ച് കുറഞ്ഞപ്പോൾ അവൾ അമ്മയെ തിരക്കി ഇറങ്ങി.പുഴ കടന്നു വേണം പീടികയിലേക്ക് പോകാൻ.കുത്തിയൊഴുകുന്ന ആ പുഴയുടെ തീരത്ത് ധാരാളം ചെന്നായകളുണ്ട് അവയുടെ ശബ്ദം അവൾക്ക് കേൾക്കാൻ സാധിക്കുന്നുണ്ട്.ആ ശബ്ദം ഉയർന്നു വരുന്നു. അവ അടുത്തേക്ക് വന്നുകൊണ്ടിരിക്കുകയാണ്.അവൾ ദൈവത്തെ വിളിച്ചു."ദൈവമേ, നിന്റെ

മാലാഖമാരെ എന്നെയും അമ്മയെയും രക്ഷിക്കാൻ ഞങ്ങളുടെ അടുത്തേക്ക്വിടേണമേ".

പെട്ടെന്ന് കുറേ മാലാഖമാർ അവളുടെ അരികിലെത്തി.അവർ അവളോട് കാര്യം തിരക്കി.അവൾ നടന്നതെല്ലാം പറഞ്ഞു. മാലാഖമാർ ഇതാ ഇപ്പോൾ വരാം എന്ന്പറഞ്ഞിട്ട്പോയി. പിന്നെ അവർ വന്നത് അമ്മയേയും കൊണ്ടാണ്.അമ്മയെ കണ്ടയുടനെ അവൾ വാരിപുണർന്നു. മാലാഖമാർ പിന്നെ അവർക്ക് ഒരു മാന്ത്രിക പാത്രവും നൽകി. അവർക്കാവശ്യമായ ഭക്ഷണം ആ പാത്രം നൽകുമെന്നു പറഞ്ഞു. അവർ മാലാഖമാരോട് നന്ദി പറഞ്ഞു. മാലാഖമാർ ആകാശത്തിലേക്ക് പറന്നുയർന്നു. പിന്നീട്  ആ അമ്മയും മകളും വളരെ സന്തോഷത്തോടെ ജീവിച്ചു.

---



ഗോപിക .കെ.ജെ
10C

# സ്കൂൾ



കുഞ്ഞുങ്ങളുടെ ആരവവും
സ്നേഹവും നിറഞ്ഞ സമുദ്രം
തുറന്നുവെച്ച  വാതിലിലൂടെ
ഒഴുകുന്ന തിരമാലക്കൾ
അക്ഷരങ്ങളിലൂടെ വസന്തത്തിലൂടെ
ഒഴുകുന്ന സമുദ്രത്തേപ്പോലെ
അവിടെ സന്തോഷങ്ങൾ



# കള്ളൻ

അഭയ് കൃഷ്ണ.എം.ബി
7.A



ഒരു രാജ്യത്തിൽ ഒരു രാജാവുണ്ടായിരുന്നു. ആ രാജ്യം വളരെ സമ്പന്നമായിരുന്നു. അദ്ദേഹത്തെ ജനങ്ങൾ ഒരു ധീരയോദ്ധാവിനെ പോലെയാണ് കണ്ടത്. ഒരു ദിവസം ആ കൊട്ടാരത്തിൽ കള്ളന്മാർ വന്ന് രാജാവിന്റെ സ്വർണ്ണവും സ്വത്തും മോഷ്ടിച്ച് കൊണ്ടുപോയി. പിന്നെ കള്ളന്മാർ രാജ്ഞിയുടെ മുറിയിൽ കയറി സ്വർണ്ണം മോഷ്ടിക്കുമ്പോൾ ശബ്ദം കേട്ട് രാജ്ഞി ഉണർന്നു. കള്ളന്മാരെ കണ്ട രാജ്ഞി ഉറക്കെ വിളിച്ചു. കള്ളൻ.........കള്ളൻ.................കൊട്ടാരത്തിലെ എല്ലാവരും ഉണർന്നു നോക്കി രാജ്ഞി മുറിയിൽ ചെന്ന് നോക്കിയപ്പോൾ കള്ളൻ രക്ഷപ്പെട്ടു .രാജാവ് പറഞ്ഞു നമ്മുടെ സ്വർണ്ണവും നമ്മുടെ ഗ്രാമത്തിന്റെ സ്വത്തും കള്ളൻ കൊണ്ടു പോയി .

രാവിലെ ആയപ്പോൾ ഗ്രാമവാസികൾ വിവരം അറിഞ്ഞ് രാജാവിന്റെ അടുത്ത് ചെന്ന് പറഞ്ഞു. വിഷമിക്കല്ലേ നമ്മളൊരുമിച്ച് നിന്നാൽ ആ കള്ളനെ പിടിക്കാം. ഇന്നു രാത്രി ആ കള്ളൻ ഉറപ്പായിട്ടും മോഷ്ടിക്കാൻ വരും.നമ്മൾക്ക് രാത്രി കാത്തു നിൽക്കാം. ആ രാത്രി രാജാവ് ഉറങ്ങിയില്ല കള്ളന്റെ കാൽപ്പാദത്തിന്റെ ശബ്ദം കേട്ട് രാജാവ് ഭടന്മാരെ വിളിച്ച് കള്ളനെ പിടികൂടി.എന്നിട്ട് രാജാവും ഭടന്മാരും ചോദിച്ചു നീയാണോ ഇന്നലെ

കൊട്ടാരത്തിൽ മോഷ്ടിച്ചത് കള്ളൻ ആദ്യം നുണ പറഞ്ഞു. ഭടന്മാർ തല്ലി ചോദിച്ചപ്പോൾ കള്ളന്റെ നാവിൽ നിന്ന്സത്യം പുറത്ത് വന്നു . കള്ളനെ ത്തുക്കികൊല്ലാൻ ജനങ്ങൾ പറഞ്ഞു .രാജാവ് പറഞ്ഞു നീ ഇനി ഇതു പോലെ ആവർത്തിച്ചാൽ നിന്റെ തല കാണില്ല എന്ന് പറഞ്ഞ് രാജാവ് നൂറ് ചാട്ടവാറടി നൽകി . കള്ളൻ നിലവിളിച്ചു.റാണി പറഞ്ഞു വേണ്ട അയാളെ വെറുതെ വിട്ടു. അപ്പോൾ രാജാവ് റാണിയോട് തർക്കിച്ചു പറഞ്ഞു ഇവനെ ഒരിക്കലും വെറുതെവിടില്ല എന്ന്. അപ്പോൾ റാണി വീണ്ടും രാജാവിനോട് അപേക്ഷിച്ചു. അത് കേട്ടതും രാജാവിന്റെ  മനസ്സലിഞ്ഞു. കള്ളന്റെ അടുത്ത് ചെന്ന്റാണി പറഞ്ഞു. നിങ്ങൾ വേഗം രക്ഷപ്പെട്ടു അല്ലെങ്കിൽ ജീവനുണ്ടാവില്ല എന്ന് കേട്ട് കള്ളൻ മാപ്പ് പറഞ്ഞ് സ്ഥലം വിട്ടു.റാണിയുടെ സംസാരം കേട്ട് രാജാവ് നിശ്ചലനായി നിന്നു.റാണി കുറച്ച് കഴിഞ്ഞ് വന്ന് പറഞ്ഞു നിങ്ങൾ വിഷമിക്കല്ലേ ഞാൻ അങ്ങനെ ആ സമയത്ത് പറയാൻ കാരണം അയാളും നമ്മളെ പോലെ ഒരു മനുഷ്യനാണ്. തല്ലുമ്പോൾ വേദന സഹിക്കാത്തത് കണ്ടപ്പോൾ എനിക്ക് വിഷമമായി എന്ന്  റാണി പറഞ്ഞത് ശരിയാണ്.ഞാൻ ഇനിയൊരു മനുഷ്യനേയും വേദനിപ്പിക്കില്ല അങ്ങനെ രാജാവ് സന്തോഷവാനായി. അന്നു മുതൽ ആ ഗ്രാമത്തിൽ സന്തോഷവും സമാധാനവും ഉണർന്നു.



# എന്റെ ലോകം

ഫൈസ ബാനു
8.B

എന്റെ ചിന്തകൾ
കുഞ്ഞിചിറകുകൾ വീശി
ഏതുയരം വരെ പറക്കുന്നുവോ
അവിടെവരെയാണെന്റെ ആകാശം



എന്റെ സ്വപ്നങ്ങൾ തെളിച്ച വഴിയെ
എത്ര ദൂരം വരെ
പാദങ്ങൾ നടന്നെത്തുന്നുവോ
അതുവരെയാണെന്റെ സാമ്രാജ്യം

കാല പ്രവാഹത്തിൽ
പച്ചിലച്ചാർത്തിൽ
നിന്നിറ്റിറ്റു വീഴുന്ന
മഞ്ഞു തുള്ളികളായ്
സ്നേഹമെന്നിലെത്ര
ആഴത്തിൽ നിറഞ്ഞൊഴുകി പറക്കുന്നുവോ
അതാണെന്റെ കടൽ

കിനാവുകൾ ചേക്കേറിയ
ഹൃദയാകാശത്തിൽ
പ്രതീക്ഷയാം നിലാവെളിച്ചത്തിൽ
മോഹപ്പൂക്കൾ കാട്ടിയ വഴിയെ
കാലമാം കടലിൽ
ഞാനെന്റെ ജീവിത തോണി
തുഴയുന്നു.



# കണ്ണുനീർ ( 2018 - ലെ പ്രളയം)

രുദ്ര.എൻ.വി
9B



അന്തരംഗത്തിലുണരുമെൻ ചോദ്യങ്ങളി-
ന്നെന്തേ സൂര്യൻ പിണങ്ങിയോ ഒളിച്ചുവോ ?
സൂര്യൻ പിണങ്ങിയിന്നതുകണ്ടു മേഘങ്ങൾ
മുഖം കറുപ്പിച്ചു കരഞ്ഞു തുടങ്ങിയോ ?
മേഘം കലിതുള്ളിക്കരഞ്ഞുവോ ഇന്നിതാ
ഭൂമിയിൽ പതിച്ചുവോ ഉൽക്കയായ്
ഞാനൊന്നുമറിഞ്ഞില്ലയോ ?
കലിതുള്ളിക്കരയും മേഘംതൻ

കണ്ണുനീർകണ്ടിന്നു ജനങ്ങളും
കൂടെ കരഞ്ഞുവോ ?
കളിത്തോണികൾ തീർത്തുകളിച്ചൊരീ
കുട്ടികളിന്നെന്തേ കളിക്കുന്നില്ലയോ ?
പുഴമരിച്ചൊരീ നാളുകളിലിന്നിതാ
റോഡുകൾപോലും പുഴയായ് തീർന്നുവോ ?
ചീറിപ്പായുമീ വാഹനങ്ങളിന്നെവിടെയീ-
തോണികൾ പാഞ്ഞുനടക്കുന്നുവോ ?
മലവെട്ടിക്കളിച്ചൊരാ ആളുകൾക്കാ-
യിതാ മലതന്നെ താഴേക്കു-
തിർന്നുവീഴുന്നുവോ?
വെള്ളമില്ലെന്നോർത്തുയുദ്ധം
പ്രതീക്ഷിച്ചിരുന്നവർ ഇന്നെന്തേ
വെള്ളത്തിൽ മുങ്ങിയോ ?
ഞാനിന്നു കേൾക്കുന്നു മാതൃത്വവേദന
കേരളം കരഞ്ഞീടുമീ കാലത്ത് .
ഞാൻ ശ്രവിക്കുന്നെന്റെയീ നാടിന്റെ രോദനം
ഞാനറിയുന്നു നാടിന്റെ വേദന
അലയടിച്ചതാണല്ലേയീ വിധം
പ്രളയം നമ്മുടെ കേരളതീരത്ത് .

മേഘം കണ്ണീരായ് വന്നിതാ
ജനങ്ങൾതൻ കണ്ണീരുമായ് -
സൂര്യൻ വരേണമീ തേജസ്സു വരേണമീ-
അന്ധകാരത്തെ വിഴുങ്ങിക്കുടിക്കുവാൻ ............



# കുഞ്ഞുപക്ഷി

ദീപിക . P.C
9 . A



ഓടി ഓടി തളർന്നു. എനിക്ക് ഇനി മുന്നോട്ട് പോകാൻ കഴിയില്ല. ഗോപൂ നിൽക്കടാ ഇനി എനിക്ക് ഓടാൻ കഴിയില്ല. ഞാൻ ക്ഷീണിച്ചിരിക്കുന്നു. ബാലൂ നിനക്ക് ഓടാൻ കഴിയും. നിനക്കറിയാലോ ആദ്യം കവിത ടീച്ചറുടെ ക്ലാസാ. ഗോപൂ ഞാൻ പതുക്കേ നടക്കാം. എടാ ഗോപൂ അതു നോക്കു നിറച്ചും മാങ്ങ. ബാലൂ നിനക്ക് ഇപ്പോൾ അതിനാണോ സമയം.

ബാലൂ അതു നോക്കു എന്താടാ? മാങ്ങയാണോ? അതൊന്നുമല്ല അത് കവിത ടീച്ചറല്ലേ . അതേ ഗോപു വാ പോയി ചോദിക്കാം. ടീച്ചർ എന്താ, എന്താ പ്രശ്നം. ഇത് കണ്ടില്ലേ ഒരു പക്ഷി കുഞ്ഞ് ഇതിന്റെ കാലിൽ എന്തു പറ്റി ടീച്ചർ .ഇതു ചെറിയ കുഞ്ഞല്ലേ അതിന്റെ കാലിൽ എന്റെ വണ്ടി തട്ടി . ഈ പക്ഷിയെ ഇവിടെ ഉപേക്ഷിച്ച് ഞാൻ പോകാൻ നിന്നതാണ്. പക്ഷെ അതിന്റെ കരച്ചിൽ എന്റെ മനസ്സിനെ വേദനിപ്പിച്ചു . ഗോപു , ബാലു നിങ്ങളിതിനെ വളർത്തണം ഗോപുവും ബാലുവും പെട്ടന്നുതന്നെ സമ്മതിച്ചു . ഗോപുവിന്റെയും ബാലുവിന്റെയും കൈകളിൽ ആ പക്ഷിയെ ഏൽപ്പിച്ചു . എന്നിട്ട് ടീച്ചർ അവരോടതിനെ നന്നായി പരിപാലിക്കാനും വളർത്തിവലുതാക്കണമെന്നും പറഞ്ഞു കൂടാതെ അതുവലുതാകുമ്പോൾ സ്വയം പറക്കാനാകുമ്പോൾ ആ പക്ഷിയെ സ്വതന്ത്രമായി വിടണമെന്നും ടീച്ചർ അവരോടു പറഞ്ഞു . എന്നിട്ട് ഗോപുവിനേയും ബാലുവിനേയും കൂട്ടി ടീച്ചർ സ്കൂളിലേക്ക് പോയി .



# യാത്ര

അർച്ചന .പി .

8.B



ഞാൻ  അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ആ യാത്ര പോയത് . അതൊരു ദീപാവലി ദിവസമായിരുന്നു. ആദിവസത്തിന് മറ്റൊരു പ്രത്യേകതയും കൂടിയുണ്ട് . എന്റെ അനിയത്തിയുടെ പിറന്നാൾ ദിവസമായിരുന്നു അത് . അന്ന് ഞങ്ങളുടെ മാതാപിതാക്കൾ ഞങ്ങൾക്ക് തന്ന പിറന്നാൾ സമ്മാനമായിരുന്നു അത് . കാലത്തെഴുന്നേറ്റു നല്ല നിലാവുണ്ടായിരുന്നു . കാലത്ത് അഞ്ച് മണിക്ക് യാത്ര പുറപ്പെട്ടു .

കൂട്ടുകാരും അദ്ധ്യാപകരും മറ്റുമായി എന്തുരസമായിരുന്നു ആ യാത്ര ? ബസ്സിൽ ഞങ്ങൾ പാട്ടുപാടിയും നൃത്തം കളിച്ചും ആസ്വദിച്ചു . ആദ്യം തുമ്പൂർമൊഴിയിലേക്കായിരുന്നു യാത്ര . തുമ്പൂർമൊഴി പൂമ്പാറ്റകളുടെ ഒരു കേന്ദ്രമാണ് . എത്ര പൂമ്പാറ്റകളാണ് അവിടെ ഉണ്ടായിരുന്നത് ? വിവിധനിറത്തിൽ ഉടുപ്പിട്ട ആ ശലഭങ്ങൾ അവിടെ പാറിപ്പറന്നു. പലനിറത്തിലുള്ള പൂക്കളിൽ നിന്ന് തേൻ നുകർന്ന് അവ പാറിപ്പറന്നുകൊണ്ടേയിരുന്നു . ശുദ്ധജലം വഹിച്ച് കളകളം പാടിയൊഴുകുന്ന ഒരുപുഴ അവിടെയുണ്ട് . അതിനുശേഷം തൂക്കുപാലത്തിൽ കയറി ഞങ്ങൾ പുഴയുടെയടുത്തെത്തി. ആദ്യം തൂക്കുപാലത്തു കയറിയപ്പോ ഞാൻ ഭയന്നു പിന്നെ ആ ഭയം മാറി . അവിടെ ഞങ്ങൾകാഴ്ചകണ്ടാസ്വദിച്ചു നടന്നു .

പിന്നീടുള്ളയാത്ര കേരളത്തിലെ പ്രധാനപ്പെട്ട വെള്ളച്ചാട്ടമായ ആതിരപള്ളിയിലേക്കായിരുന്നു . കേരളത്തിലെ പ്രധാനപ്പെട്ട വെള്ളച്ചാട്ടത്തിന്റെ ഭംഗി ഞാൻ മനസ്സിൽ വരച്ച ചിത്രത്തേക്കാൾ മനോഹരമായിരുന്നു.വാങ്മയചിത്രങ്ങൾ ഞാൻ പടുത്തുയർത്തിയതിനേക്കാൾ മനോഹരമായിരുന്നു ശാന്തമായൊഴുകുന്ന പുഴ മെല്ലെ പാറ പിളർപ്പിലേക്ക് വീഴുന്നു, ഒരു നാഗത്തെ പോലെ അവിടെ നിന്നും മെല്ലെയൊഴുകുന്നു . അതിന്റെ ശബ്ദം ഇന്നുമെന്റെ കാതുകളിൽ മുഴങ്ങുന്നു . ആ പുഴ ഒഴുകുന്ന മുകൾ ഭാഗവും അത് പതിക്കുന്ന താഴ് ഭാഗവും ഞങ്ങൾ കണ്ടു . പിന്നെ അവിടെ മുളകളുണ്ട് . സാധാരണമായി നമ്മുടെ വീടുകളിൽ മറ്റും കാണുന്ന മുളയുടെ ഇലയേക്കാൾ വലിയ ഇലകളാണ് അവയ്ക്കുള്ളത് . ആ വെള്ളച്ചാട്ടത്തിന്റെ ചെറിയ തുള്ളികൾ എന്റെ മുഖത്തു വീണു .

അവിടെ നിന്ന് ഞങ്ങൾ പോയത് സിൽവർസ്റ്റോം എന്ന പാർക്കിലേക്കാണ് . സിൽവർസ്റ്റോം കളികളുടെ കേന്ദ്രം തന്നെയാണ് . ഞാൻ ധാരാളം റൈഡുകളിൽ കയറി . അവ ഞാൻ വളരെയധികം ആസ്വദിച്ചു . വിമാനം പറപ്പിക്കലും , ഊഞ്ഞാലാടലും , തിരമാലയിൽ കളിക്കലും മറ്റു കളികളും എന്ത്

രസമായിരുന്നു . അവിടെ ഒരു നല്ല ഉദ്യാനമുണ്ട് . അവിടേയും ധാരാളം ചിത്രശലഭങ്ങളുണ്ട് . വെള്ളവുമായി  ബന്ധപ്പെട്ട റൈഡുകളിൽ കയറിയപ്പോൾ ഞാൻ ഒത്തിരി ഭയന്നിരുന്നു.

ഞാൻ അതെല്ലാം കണ്ടും കേട്ടും ആസ്വദിച്ച് തിരമാലയിൽ കളിച്ചത് നല്ലൊരനുഭവമായിരുന്നു . അങ്ങനെ രാത്രി അത്താഴം കഴിച്ച് ഞാൻ വീട്ടിലെത്തി . എന്റച്ഛനും അമ്മയും തന്ന പിറന്നാൾ സമ്മാനം എനിക്കൊത്തിരി ഇഷ്ടമായി . ഞാൻ അവ ആസ്വദിച്ചു . ഇന്നും ആ മനോഹരമായ ഓർമ്മകൾ എന്നെ അവിടേക്കെല്ലാം കൊണ്ടുപോകുന്നു .



# കഥകളി

അനുഷ്
10A



കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമാണ്. കഥകളി രാമനാട്ടം എന്ന കഥ പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിവയാണ്. ചാക്യാർക്കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപദിയാട്ടം, ദാസിയാട്ടം, തെരുക്കൂത്ത്, തെയ്യം തിറയാട്ടം, പടയണി തുടങ്ങിയ ക്ലാസിക്കൽ നാടൻ കലാരൂപങ്ങളുടെ ആശയങ്ങൾ കഥകളിയിൽ ദൃശ്യമാണ്. 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാ രൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങി നിന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി ഇന്ന് ലോക പ്രസിദ്ധി കൈവരിച്ചിരിക്കുന്നു.

# അമ്മനിലാവ്



സ്നേഹ രൂപിയാണെന്നമ്മ
ഐശ്വര്യമേറുന്ന ലക്ഷ്മിയാണെന്നമ്മ
അറിവിന്റെ നിറകുടമാണെന്നമ്മ
ലോകത്തിനു പുണ്യമാമ്മ
സ്നേഹത്തിൽ തംബുരുമീട്ടുന്ന
അമൃതേശ്വരിയാണമ്മ
ആദ്യമായക്ഷരത്താഴ തുറപ്പിച്ച
ഗുരുനാഥയാണെനിക്കമ്മ
അമ്മയെന്നുള്ള രണ്ടക്ഷരമെന്നുള്ളിൽ
അറിവിൻ തുല്യമായി ചേർന്നിടുന്നു.
വിഷാദങ്ങളൊക്കെയും പുഞ്ചിരിയാക്കിയെൻ
ഹൃദയത്തിൽ കുടി കൊള്ളുകയാണെന്നമ്മ
വേദന വരും നേരത്തു ഞാനെന്റെ
നാവിൽ ഉരുവിടും മന്ത്രം
അമ്മയെന്നുള്ളൊരു ദിവ്യ മന്ത്രം

അഭിനാദ്
9A



# ഓണപ്പാട്ട്

സന്തൃഷ.എസ്.
6.c

ചന്തത്തിൽ മുറ്റവും ചെത്തിപ്പറിച്ചീല
എന്തെന്റെ മാവേലി ഓണം വന്നു
ചന്തക്ക്പോയീല നേന്ത്രക്കവാങ്ങീല
എന്തെന്റെ മാവേലി ഓണം വന്നു
പന്തു കളിച്ചീല പന്തലുമിട്ടീലാ
എന്തെന്റെ മാവേലി ഓണം വന്നു
അമ്മാവൻ വന്നീല സമ്മാനം തന്നീല
എന്തെന്റെ മാവേലി ഓണം വന്നു
അച്ഛനും വന്നീല ആടയും തന്നീല
എന്തെന്റെ മാവേലി ഓണം വന്നു
നെല്ലുപുഴുങ്ങീല തെല്ലുമുണങ്ങീല
എന്തെന്റെ മാവേലി ഓണം വന്നു
കുഞ്ഞേലിപെണ്ണിന്റെ മുഞ്ഞികറക്കുന്നു
എന്തെന്റെ മാവേലി ഓണം വന്നു.........





# അമ്മ

അസീന
10.A




സ്നേഹത്തിന്റെ മറ്റൊരു പദമാണ് അമ്മ. അമ്മയ്ക്ക് പകരം വെക്കാനൊന്നും തന്നെയില്ല. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ കിട്ടിയ ഏറ്റവും വിലമതിക്കാനാവാത്ത ഒരു സമ്മാനമാണ് "അമ്മ". വല്ലപ്പോഴും നമുക്ക് അച്ഛനേക്കാൾ ഏറ്റവും ഇഷ്ടം അമ്മയോടായിരിക്കും. അമ്മയോടാകും എന്നല്ല അമ്മയോട് തന്നെ. അതിലൊരു തർക്കവുമില്ല. നമുക്ക് ഒരു പ്രശ്നമുണ്ടായാൽ ഒരു തണലായി എന്നും നമ്മുടെ അമ്മ മാത്രമേ ഉണ്ടാവൂ. നമ്മൾ എല്ലാ പ്രശ്നങ്ങളും, വിഷമങ്ങളും അമ്മയോടാണ് ആദ്യമേ പറയുക. അതുപോലെ തന്നെ സന്തോഷമുണ്ടായാലും ഓടിചെന്ന് പറയുക അമ്മയോടായിരിക്കും അല്ലേ. സന്തോഷമുണ്ടായാലും സങ്കടമായാലും അതുതന്നെ. നമ്മോടൊപ്പം അതനുഭവിക്കാൻ അമ്മയുണ്ടാവും. എല്ലാത്തിനും ഒപ്പമുണ്ടാകും.

എന്നാൽ ഇന്നത്തെ പുതിയ തലമുറ അമ്മയെ ഒരു ഭാരമായാണ് കാണുന്നത്. അവരുടെ തിരക്കേറിയ ജീവിതത്തിൽ അവർക്ക് ഒന്നിനും സമയമില്ല. കല്ല്യാണം കഴിഞ്ഞാൽ വേറെ താമസിക്കുകയും ചെയ്യുന്നതിനു മുമ്പുവരെ അവരെ വളർത്തിയ അമ്മയെ അവർ വൃദ്ധസദനത്തിലേക്ക് വലിച്ചെറിയുന്നു. എല്ലാവർക്കും അവരവരുടെതായ സന്തോഷം മാത്രം. എന്നാൽ അടുക്കളയിലെ ഒതുങ്ങിയ ജീവിതത്തിന്റെ ഇടയിൽ എല്ലാവരെയും സ്നേഹിക്കാനും ഓർമിക്കാനും കാണിക്കുന്ന ആ പാവം മനസ്സ് ....അത് അമ്മ മനസ്സ്.ഭൂമിയിലെ ദൈവം ആണ് അമ്മ. അമ്മയുള്ള സ്ഥലം അത് സ്വർഗ്ഗവും.................................



ആദിനാഥൻ
10.A

# എന്താണ് ജീവിതം

ജീവിതം ഒരു വാഗ്ദാനമാണ്
അതിനെ നിറവേറ്റുക.
ജീവിതം ഒരു ദുഃഖമാണ്
അതിനെ കീഴടക്കുക.
ജീവിതം ഒരു സമ്പത്താണ്
അതിനെ സൂക്ഷിക്കുക.
ജീവിതം ഒരു പരമാനന്ദമാണ്
അതിനെ ആസ്വദിക്കുക.
ജീവിതം ഒരു രഹസ്യമാണ്
അതിനെ അറിയുക.
ജീവിതം ഒരു ഗാനമാണ്
അതിനെ ആലപിക്കുക.
ജീവിതം വിലയേറിയതാണ്
അതിനെ ശ്രദ്ധയോടെ കൈകാര്യംചെയ്യുക.





# മനുഷ്യൻ ബലൂണിൽ

തസ്നി
10.A

പാരീസിലെ വിശാലമായൊരു പുൽമൈതാനത്ത് 1783 ഒക്ടോബർ 15 പിലാറ്റർ ഡി റോസിയർ എന്ന ഫ്രഞ്ചുകാരൻ 26 മീറ്റർ ഉയരത്തിൽ പറന്നു. മനുഷ്യൻ ബലൂണിന്റെ സഹായത്തോടെ വിജയകരമായി പറന്ന ആദ്യ സംഭവമായിരുന്നു അത്. ജോസഫ് മിഷേൽ ജാക്യിസ്മോണ്ട് ഗോൾഫിയർ എന്നിവരായിരുന്നു ഈ ബലൂൺ പേടകം നിർമ്മിച്ചത്.





# എന്റെ കർമ്മങ്ങൾ

അതുല്യ വിനോദ്
10.A



എന്തിനെനിക്കീ കർമ്മം തന്നതെന്തേ ഈശ്വരാ
എന്തിനെന്നെ ഇതിനു നിയോഗിച്ചു നീ
എത്രയെത്ര ജീവനുകൾ ജീവനറ്റദേഹവും
തുടിക്കുന്ന മനസ്സുമായി എന്നരികിൽ
എത്രയെത്ര സ്വപ്നങ്ങൾ അവർ നെയ്തിരുന്നു
എത്രയെത്ര സ്നേഹബന്ധങ്ങൾ അവർ വിട്ടെറിഞ്ഞു
പാൽപുഞ്ചിരി മായാതെ പിഞ്ചുകുഞ്ഞുങ്ങളും
വൃദ്ധരും,യുവതീയുവാക്കളും,മധ്യവയസ്കരും
അങ്ങനെയെത്രയെത്ര ശവശരീരങ്ങൾ ഞാൻ
ഇത്രയും ജീവനറ്റ ദേഹങ്ങൾ എൻ മുമ്പിൽ
എരിയുമ്പോഴും എന്നുള്ളിൽ നീറാതെ നീറുന്ന
ഹൃദയമുണ്ട് നോവാതെ നോവുന്ന മനസ്സുമുണ്ട്
എന്നാൽ കാലംവിളി കാത്തുനിന്നു പോരുന്നവർ എന്നരികിൽ
എത്തുമ്പോൾ അറിയാതെ പിടയുമെൻ ഹൃദയത്തോട്
മന്ത്രിക്കും എന്തിനിവർ ഈ പാപം ചെയ്യു
ഓർക്കുന്നില്ലേ ഇവരാരും ഓർമ്മിക്കുന്നില്ലതാനും
ഉറ്റവരെയും ഉടയവരേയും ഓർമ്മിച്ചിരുന്നെങ്കിൽ
എത്രയെത്ര സൂര്യോദയങ്ങൾ ഇവർ കാണാൻ കിടക്കുന്നു
ജീവിതത്തിലെ വില്ലനെ ജീവിതം കൊണ്ടില്ലാതാകമ്പോൾ
ഓർക്കണം ഓർമ്മിക്കണം നാം ഒന്നുമാത്രം......
ജീവിതത്തിലെ ജീവനും കൊണ്ട് നേരിടുക
ജീവിക്കുക മരണം വരെയും.......................................



മിഥുന
8B

# പുഴതൻ അടിത്തട്ടിൽ



പുഴയെ നീയെന്തൊരു ഭംഗി
നിന്നെ കാണാൻ ഞാൻ കൊതിക്കുന്നു
പുഴയെ നിന്നുടെ ശബ്ദം കേൾക്കാൻ
എന്നുമെന്നും ഞാൻ കൊതിക്കുന്നു
ഓ.... പുഴയെ നീയെന്തൊരു ഭംഗി
പുഴയുടെ മനോഹരിത കാണാൻ
ഞാൻ ഇതാ വരുന്നു.......
നീയൊഴുകി എന്നെ സ്വീകരിക്കൂ...
നിന്റെ മടിത്തട്ടിൽ തരു എനിക്കും ഒരിടം..
പുഴയെ നിന്നെ ഞാൻ തേടുന്നു
നിന്റെ ജലം രുചിക്കുവാൻ കേഴുന്നു
നിന്നെ ഞാൻ തേടുന്നു
തേടി തേടി അലയുന്നു..............



ആതിര.എസ്
8B

# കാറ്റ്



ഓടിവന്ന കാറ്റ്
കുസൃതിയായ കാറ്റ്
ഓടിവന്ന് അപ്പുവിന്റെ
തൊപ്പിപ്പറത്തി കളിച്ച കാറ്റ്
സമീറ ടീച്ചറുടെ ഫർദക്കള്ളിൽ
കയറി മത്തങ്ങയാക്കിയ കാറ്റ്
8.ബിയിൽ കയറി ചാർട്ടുകൾ പറത്തി
കളിച്ച കുസൃതിയായ കാറ്റ്
കുട്ടികളോടൊത്ത് നൃത്തം ചവിട്ടി
ആടിപാടി രസിച്ച കാറ്റ്
സ്കൂൾ മുറ്റത്ത് പൂഴിപറത്തി കളിച്ച്
മരചില്ലയിൽ കിടന്നുറങ്ങിയ കാറ്റ്
കുസൃതിയായ കാറ്റ്.



# എന്റെ ബാല്യം

അൻഷു തേജസ്
8.B

ജീവിതത്തിൽ ഒരുപാട് മോഹിച്ചതാണെൻ ബാല്യം
ആ ബാല്യത്തിലാണെൻ മാതാവിൻ നിര്യാണ ദുഃഖം
അതിൽ പെട്ടടഞ്ഞു പോയതാം എൻബാല്യം
പട്ടിണി പാവങ്ങളുടെ കൂടെ ഞാൻ
ഒരുപാട് ദുഃഖങ്ങൾ പങ്കുവെച്ചു
കൊതിച്ചിരുന്നു ഞാൻ അമ്മ എന്നോതുവാൻ
എൻനാവിൽ തുള്ളി കളിക്കുവാൻ
അമ്മയെന്ന രണ്ടക്ഷരം കേൾക്കുവാൻ
എൻ കാതുകൾ കൂർപ്പിച്ചിരുന്നു ഞാൻ
ബാല്യ കാലത്തിൽ ഓർമ്മ നാളുകളിൽ
എൻ ദുഃഖങ്ങൾ പങ്കിടുന്നു വീണ്ടും.





# സൗഹൃദം ഒരു കടൽത്തിരയായി...

ഫൈസ ബാനു.ടി.എം
8.B



ഗ്രാമപ്രദേശത്ത് വനത്തിനോടു ചേർന്ന പുഴയോരത്തായിരുന്നു സുജാതയും അമ്മയും താമസിച്ചിരുന്നത് . ഒരിക്കൽ വിറകു ശേഖരിക്കാൻ പോയ അമ്മയും മകളും അവിടെ കാട്ടിൽ ഒറ്റപ്പെട്ടുനിന്ന കുട്ടിയാനയെ കണ്ടു.സുജാത അവന് പഴം വച്ചു നീട്ടി. കുഞ്ഞാനയ്ക്ക് അവളെ ഒരുപാട് ഇഷ്ടമായി. അവൾക്ക് കുഞ്ഞാനയേയും, പിന്നീട് അവർ വളർന്നു, അവരുടെ സൗഹൃദവും. പക്ഷേ നാട്ടിലേക്ക് വരാൻ ആനയ്ക്കും കാട്ടിലേക്ക് പോകാൻ സുജാതയ്ക്കും കഴിയാതായി . അങ്ങനെ അവരുടെ സൗഹൃദവും ഒരുപാട് അകലം പ്രാപിച്ചു.സുജാതയ്ക്കാണെങ്കിലോ കുട്ടിയാനയെ ജീവനാണ് അവന് ഇങ്ങോട്ടും.

സുജാത ആറാം ക്ലാസ് വിദ്യാർത്ഥിനിയാണ്. അവൾക്ക് അച്ഛനില്ല. അച്ഛനില്ലാത്തതിന്റെ വേദന അറിയിക്കാതെയാണ് അവളുടെ അമ്മ വളർത്തുന്നത് ഒരു അല്ലൽപോലുമറിയിക്കാതെ. അവൾക്ക് അമ്മയെ തന്റെ ജീവനെക്കാളും ഇഷ്ടമാണ് .അമ്മക്ക് മകളും മകൾക്ക് അമ്മയും എന്നത് പോലെയാണ് അവർ രണ്ടുപേരും. സ്കൂൾതുറക്കുകയായി. സുജാതയ്ക്ക് നല്ല ഉത്സാഹമുള്ള ദിവസമാണിന്ന് പുത്തൻ തുണിസഞ്ചിയും, ബുക്കും, കുടയും, പേനയും എല്ലാം, ആഹാ.... ഇതെല്ലാം കിട്ടി. പക്ഷെ, വസ്ത്രം മാത്രം നല്ലതില്ല. അതിന്റെ ഒരു വിഷമം അവളുടെ മുഖത്ത് ഉണ്ടായിരുന്നു. എന്നാലും അത് കാണിക്കാതെ അവൾ വിദ്യാലയത്തിലേക്ക് വളരെ ഉത്സാഹത്തോടെയാണ് പോയത് . ഇതിനിടെ തന്റെ പ്രിയകൂട്ടുകാരനായ കുഞ്ഞാനയെ ശരിക്കും അറിയാതെ അവൾ മറന്നുപോയി .

സ്കൂളിലെത്തിയ പലകുട്ടകാരും അവളെ കളിയാക്കി. "അത് നോക്ക് ഒരു കാട്ടാളി പെണ്ണിനെ പോലുണ്ട് വസ്ത്രം . എടി പെണ്ണേ നിനക്ക് നല്ല വസ്ത്രമൊന്നും കിട്ടിയില്ലേ? "ഒരുത്തൻ ചോദിച്ചു. അങ്ങനെ പലരുടേയും ചോദ്യങ്ങൾക്ക് അവൾക്ക് കാതോർക്കേണ്ടിവന്നു . ഇതൊന്നും ശ്രദ്ധവെക്കാതെ അവൾ ഉള്ളത് കൊണ്ട് തൃപ്തിപ്പെട്ട് ക്ലാസിലേക്ക് നടന്നു . പിന്നിൽ നിന്ന് അവളെ കളിയാക്കിയുള്ള ശബ്ദങ്ങൾ അവൾ കേട്ടു .ഇതൊന്നും അവൾ തന്റെ പുന്നാര അമ്മയോടു പറഞ്ഞില്ല. പറഞ്ഞാലും അവരെ പോലുള്ള വസ്ത്രമൊന്നും കിട്ടില്ല എന്നറിയാം.

അവളുടെ നാട്ടിൽ പണ്ട് പുത്തരിയുണ്ണൽ ഉണ്ടായിരുന്നു. വലിയ വലിയ ആശാന്മാരുടെ കൊട്ടാരം പോലുള്ള വീട്ടിലാണ് പുത്തരിയുണ്ണൽ. അതിന് ആർക്കുവേണമെങ്കിലും പങ്കെടുക്കാം. അത്തവണത്തേതിന് സുജാതയും അമ്മയും പങ്കെടുത്തു . കന്നി കൊയ്ത്ത്കഴിഞ്ഞ് നെല്ലിടിച്ച് അതുകൊണ്ടാണ് പുത്തരിയുണ്ണൽ . അതിന് പ്രത്യേക സ്വാദാണ് . സുജാത അത് മതിയാവുന്നത് വരെ കഴിച്ചു. "ആഹാ .... എന്തൊരു സ്വാദാണ് ഇതിന് " എന്നു പറഞ്ഞ് രണ്ടു മൂന്നു തവണ കഴിച്ചു . എന്നാലും മതിയാവില്ല അത് . അത്രയും സ്വാദാണ് അതിനുള്ളത് . പിറ്റേ ദിവസം സ്കൂളിലേക്ക് നേരത്തെ തന്നെ അവൾ പുറപ്പിട്ടു . അന്ന് അസംബ്ലിയിൽ സ്കൂളിൽ നിന്നും വിനോദയാത്ര പോകുന്നുണ്ടെന്നു പറഞ്ഞു എല്ലാ കുട്ടികൾക്കും നല്ല സന്തോഷമായി.അവർ ക്ലാസിലും കളിസ്ഥലത്തും റോഡിലും എല്ലാം ഒരേ സംസാരം "വിനോദയാത്രയ്ക്ക് ഞാനും പോകും ".സുജാത മാത്രം ഒന്നും മിണ്ടിയില്ല .അമ്മ വിനോദയാത്രയ്ക്ക് തന്നെ വിട്ടയക്കില്ല എന്ന് അവൾക്ക് അറിയാം. മറ്റൊരു വീട്ടിൽ ചട്ടി കഴുകി കിട്ടുന്ന നാണയങ്ങൾ കൊണ്ടാണ് അമ്മ അവളെ നോക്കുന്നത് എന്ന കാര്യം അവൾക്കറിയാം . അവൾ അമ്മയോട് വിനോദയാത്രയെ പറ്റി യാതൊന്നും പറഞ്ഞില്ല . അതിനെ പ്പറ്റി പറഞ്ഞാൽ പിന്നെ അമ്മ തുടങ്ങും പണ്ടു തൊട്ടുള്ള അമ്മയുടെ ചരിത്രങ്ങൾ. അത് കേൾക്കാൻ വയ്യ . ഒരു ആയിരം പ്രാവശ്യം കേട്ടിട്ടുണ്ടാവും .

അന്ന് അവളുടെ നാട്ടിൽ നിന്ന് ഈറ്റ വെട്ടാൻ കാട്ടിലേക്ക് ഒരു സംഘം പുറപ്പെട്ടു. അതിൽ സുജാതയും അമ്മയും കൂടി പങ്കെടുത്തു . കുടിക്കാനുള്ള വെള്ളവും ഭക്ഷണവും എല്ലാം കരുതി. സ്കൂളിൽ നിന്ന്പോകാത്ത വിനോദയാത്ര അമ്മയോടൊപ്പം കാട്ടിലേക്കായി . അതിൽ അവൾക്ക് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ . രണ്ടു മൂന്നു ദിവസം അവൾ കാട്ടിൽ തന്നെ വസിച്ചു. ഭക്ഷണവും വെള്ളവും എല്ലാം തീർന്നു പോയി. കുടിക്കാൻ ഒരുതുള്ളി വെള്ളം തേടി അവർ കാടുമൊത്തം അലഞ്ഞു.

ഒരുപാട് നടന്നു നടന്നു ക്ഷീണിച്ചു . അതാ ...... ഒരു അരുവിയുടെ ശബ്ദം എല്ലാവരും അവിടേക്ക് പോയി നോക്കി... "ന്റെ ഈശ്വരാ ".... "ന്റെ പടച്ചോനെ "... അങ്ങനെയൊരുപാട് വിളികൾ... കാട്ടിൽ നിന്ന് ഉറവ പൊട്ടി ഒലിക്കുന്ന തെളിഞ്ഞ വൈരം


പോലുള്ള ഒരു അരുവിയാണത് . അതിൽ നിന്ന് അവർ മതിയാകുന്നതുവരെ വെള്ളം കുടിച്ചു. എന്ത് സ്വാദാണിതിന് ! അവർ ആ വെള്ളത്തിൽ ആർമാദിച്ചു . എവിടെ നിന്നാണോ പെട്ടെന്നൊരു ശബ്ദം . എല്ലാവരും അവിടേയ്ക്ക് നോക്കി . ഒരുകൂട്ടം കാട്ടാനകൾ ."അയ്യോ ... ആന വരുന്നു " എല്ലാവരുംപരിഭ്രാന്തരായി ഓടാൻ തുടങ്ങി . എന്നാൽ സുജാത അവിടെനിന്ന് അനങ്ങിയില്ല . ഞാൻ എവിടെ വെച്ചോ കണ്ടു മറന്ന ഒരു മുഖം . അതെ .. അതുതന്നെ... തന്റെ പ്രിയകൂട്ടുകാരൻ കുഞ്ഞാന ... അവൾക്ക് എന്തൊരു സന്തോഷമായെന്നോ ! അവൾ അവന്റെയടുത്തേക്കോടി . " കുഞ്ഞാനേ , എന്നെ ഓർമ്മയുണ്ടോ..." അവൾ അവന്റെ തുമ്പിക്കൈയ്യിൽപിടിച്ച് ഒരു ചുടുചുംബനം നൻകി . കുഞ്ഞാന അവളേയും പുറത്ത് കേറ്റി നാട്ടിലേക്ക് നടന്നു. പുറകിൽ അമ്മയും കൂട്ടരും .

---



# മാത്സ് ക്ലാസ്

ഗോപിക.കെ.ജെ
10.C




മാത്സ് ക്ലാസ്
ഒരു കെ . എസ് . ആർ . ടി . സി . ബസ്സാണെന്ന്
കുട്ടികൾ വെളിപ്പെടുത്തി
കുറച്ചു കുട്ടികൾക്കുമാത്രം
സീറ്റ് കിട്ടിയിരിക്കും
ചിലർ തൂങ്ങിപ്പിടിച്ച് നിൽപ്പുണ്ടാകും
എന്നാൽ ചിലർ
ജനലിനിടയിലൂടെയും , വാതിലിനിടയിലൂടെയും
തെറിച്ചു പോയിട്ടുണ്ടാകും
ഡ്രൈവർ അപ്പോഴും
സ്പീഡിൽ ഓടിച്ചുകൊണ്ടേയിരിക്കും
കുണ്ടിലും , കുഴിയിലും ചാടിച്ച് ,
ഏതു സ്റ്റോപ്പിലും നിർത്താതെ .....
ഞങ്ങളെപ്പോഴും പ്രാർത്ഥിച്ചു കൊണ്ടേയിരിക്കും
ടയറൊന്ന് പഞ്ചറാവണേന്ന് .......



# സ്രഷ്ടാവ്

സനീഷ .എസ്.എസ്
10C




ആരുനീ എന്ന ചോദ്യത്തിനുത്തരം
തരിക നീ
എൻ ജീവനെ !
ജീവിതവാതിൽ തുറന്നു ഞാൻ
പടികൾ കയറി എത്തിയെൻ ജീവനെ.
ജീവിതം എന്ന മഹാസാഗരത്തിന്റെ
പടികൾ കയറ്റി നീ എൻ ജീവനെ
എൻ ജീവിതമാർഗദർശനം തന്നൊരാൾ
ആരുനീ എൻ ജീവനെ
ഓരോ ജനനവും ഓരോ മരണവും
നിൻ കയ്യിലാണെന്നറിയുന്നു ഞാൻ.
ഈ പ്രപഞ്ചം നിന്റെ കയ്യിലെന്നറിയുന്നു
എൻ ജീവിതാർത്ഥം പറയുന്നു നീ
എൻ ജീവിതാർത്ഥം പറയുന്നു നീ.
ആരുനീ ആരുനീ എന്ന
എൻ ചോദ്യത്തിനുത്തരം കിട്ടിയെൻ ഈശ്വരനെ !
ഈശ്വരനാണെന്ന സത്യം അറിഞ്ഞു
ഞാൻ എൻ ജീവിതാർത്ഥം സഫലമായീടുന്നു.
ഓരോ ജനനത്തിൽ സൃഷ്ടി നീ
എന്നറിയുന്നു ഞാൻ എൻപ്രിയനീശ്വരനേ !
എൻ ജീവിതത്തിനർത്ഥം നീ എന്നറിയുന്നു
എൻ ജീവിതം നിൻ കാൽക്കൽ അർപ്പിക്കുന്നു
ആരെന്ന എൻ ചോദ്യത്തിനുത്തരം
നീയല്ലോ എൻ ജീവിതം



ശിവാനി
9B

# മകൾ

പെൺമക്കൾ ഉണ്ടാകാൻ ഭാഗ്യം ചെയ്യണം എന്നാണ് പറയുന്നത്. അങ്ങനെ ഭാഗ്യം ചെയ്ത മാതാപിതാക്കളിൽ ജാനകിയും രവിയും ഇടം പിടിച്ചു അവർക്കൊരു മകളുണ്ടായി. ഇങ്ങനൊരു അച്ഛനേയും അമ്മയേയും കിട്ടിയതിൽ മനം മറന്ന് അവളും വളർന്നു . അച്ഛന്റെ വിരലിൽ തൂങ്ങി ഊരുചുറ്റൽ . ഉത്സവ പറമ്പിൽ അച്ഛനുമൊത്തൊരു കറങ്ങൽ . അമ്മയെന്ന ജഡ്ജിയുടെ മുന്നിൽ അച്ഛനെന്ന വക്കീൽ. അച്ഛന്റെ കൂടെ സ്കൂളിലേക്ക് പോകുമ്പോൾ അമ്മയുടെ ശകാരത്തിന് അച്ഛന്റെ വക സമാധാനിപ്പിക്കലും . കൂടെ കളിക്കാനും കഥ പറയാനും അച്ഛൻ കൂടെയുണ്ട് .അമ്മയ്ക്ക് വയ്യാതായാൽ ചായയും പലഹാരങ്ങളും ഞാൻ ഉണരും മുമ്പുതന്നെ അച്ഛൻ ഒരുക്കിവയ്ക്കും . അങ്ങനെ അങ്ങനെ അവൾ പത്താം ക്ലാസ് പൂർത്തിയായി . പ്ലസ് വണ്ണിലേക്കുള്ള അവളുടെ ഒരുക്കമാണ് . പത്താം ക്ലാസിൽ സമ്പൂർണ എ.പ്ലസ്സിന് അർഹയായി അവളുടെ വീട്ടിൽ സന്തോഷത്തിന്റെ പേമാരി പെയ്തു . മകളുടെ വിജയത്തിന് അച്ഛൻ അവൾക്ക് നൽകിയത് വിലകൂടിയ ഒരു സ്മാർട്ട് ഫോണായിരുന്നു . മാത്രമല്ല അവരുടെ പട്ടണത്തിലെ ഉയർന്ന ഒരു വിദ്യാലയത്തായിരുന്നു അഡ്മിഷൻ ലഭിച്ചത്. അവർ ഓർത്തില്ല ആ ഫോണിലൂടെ അവരുടെ ജീവിതത്തിലേക്ക് വരാനിരിക്കുന്ന ദുരന്തത്തെ .

അച്ഛന്റെ കൈപിടിച്ച് ക്ലാസിലേക്ക് അവൾ പ്രവേശിച്ചു . അച്ഛൻ മടങ്ങി . അവളുടെ ക്ലാസിലെ ചിലകുട്ടികൾ അത്ര നല്ലവരായിരുന്നില്ല . ആണും പെണ്ണും എല്ലാം കണക്കെന്നെ . പതിയെ പതിയെ അവളും അവരെ പോലെ മാറിതുടങ്ങി . ഫേസ്ബുക്കും,വാട്സാപ്പും , ഇൻടർനെറ്റും അവളുടെ സ്ഥിരം വിരുന്നുകാരായി. വീട്ടിൽ അവളുടെ സ്വഭാവത്തിന് മാറ്റം വന്നുതുടങ്ങി.

അച്ഛനോടും അമ്മയോടും അവൾ കയർത്തുസംസാരിക്കാൻ തുടങ്ങി . അത് അച്ഛനും അമ്മയ്ക്കും സഹിച്ചില്ല . അവളുടെ വേഷവും ഭാവവും മാറിത്തുടങ്ങി . അവളുടെ ചീത്തക്കൂട്ടുകെട്ട് അവളെ പ്രണയത്തിൽ അകപ്പെടുത്തി . അവൾ പഠനത്തിൽ മോശമായിതുടങ്ങി . അവളിൽ അച്ഛന് പ്രതീക്ഷയില്ലാതായി . അവളുടെ കല്യാണത്തെ കുറിച്ച് അവർ സംസാരിച്ചു തുടങ്ങി . അത് അവളെ ഒളിച്ചോട്ടത്തിലേക്ക് പ്രേരിപ്പിച്ചു .

ഒരുദിവസം പതിവുപോലെ അമ്മ അവളെ ഉണർത്താൻമുറിയിലേക്ക് പോയി. വാതിൽ തുറന്നുകിടക്കുന്നു . മുറിയിലെങ്ങും അവളില്ല. അമ്മ പരിഭ്രാന്തയായി. വിവരമറിഞ്ഞ് അച്ഛൻ പോലീസിലറിയിച്ചു . നാടാകെ വിവരമറിഞ്ഞു . അച്ഛന് തലയുയർത്തി പുറത്തിറങ്ങാൻ പറ്റാതായി. അയൽക്കാരുടെ മുഖത്ത് നോക്കാൻ വയ്യ.

അങ്ങനെ അങ്ങനെ ദിവസങ്ങൾ കടന്നുപോയി.ഒരു ഫോൺ കോൾ "ഉടനെ സ്റ്റേഷനിലെത്തണം ". അച്ഛൻ പരിഭ്രാന്തിയോടെ സ്റ്റേഷനിലെത്തി . അവിടെ വിളറിയ മുഖത്തോടെ തലകുനിച്ച് നിൽക്കുന്ന തന്റെ മകളെ കണ്ടപ്പോൾ ദേഷ്യവും സങ്കടവുംകൊണ്ട് അച്ഛൻ പരവശനായി. "ഇവളെ ഞങ്ങൾ ആലുവ റയിൽവേ സ്റ്റേഷനീന്ന് പൊക്കിയതാണ് , അതും നട്ടപ്പാതിരക്ക്! കൂടയുള്ളവൻ ഇപ്പവരാന്നും പറഞ്ഞ് മുങ്ങിയത്രേ........" ഇതും പറഞ്ഞ് ഒരു പോലീസുകാരൻ അവളെ രൂക്ഷമായൊന്ന് നോക്കി. അപമാനഭാരത്തോടെ അച്ഛൻ മകളോടൊപ്പം അവിടെന്നിന്നിറങ്ങി ....



# മയക്കുമരുന്നുകൾക്കെതിരെ

നീതു.സി
10.C

ഇന്ന് യുവാക്കളെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ വിനയാണ് ലഹരിയിലുള്ള ആസക്തി . എത്രയോ കുടുംബങ്ങൾ ഇത് മൂലം അനാഥമായിതീർന്നിരിക്കുന്നു . വിദ്യാർത്ഥികളിൽ ഒരു ന്യൂനപക്ഷം ഈ
ദുർവിധിക്ക് അടിമപ്പെട്ടിരിക്കുന്നു എന്നത് മറ്റൊരു ദുരന്തമാണ് . ഇന്നു നാട്ടിൽ നടക്കുന്ന അക്രമപ്രവൃത്തികളിൽ ഒട്ടുമുക്കാലും ഉണ്ടാകുന്നത് മദ്യവും മയക്കുമരുന്നുകളും കാരണമാണ് .

കൗമാരപ്രായക്കാർ ആദ്യം ആകർഷിക്കപ്പെടുന്നത് പുകവലിയിലേക്കാണ് . പുകവലി കഞ്ചാവു
ബീഡിയിലൂടെയായാൽ കൂടുതൽ രസകരം .പിന്നീട് ചരസ് , മരിജുവാന ,
ബ്രൗൺഷുഗർ തുടങ്ങിയ മാരകമായ മയക്കു മരുന്നുകളുടെ മായാലോകത്തേക്ക് അവർ നയിക്കപ്പെടുകയായി . ഇവയുടെ പതിവു ലഹരി കൃത്യസമയത്തു ലഭിച്ചില്ലെങ്കിൽ ഉപഭോക്താവ് ഭ്രാന്തു പിടിച്ചതു
പോലെയാകും . ഇവയ്ക്കു പണമുണ്ടാക്കാൻ മോഷണം , കൊലപാതകം തുടങ്ങിയ ക്രൂരകൃത്യങ്ങൾ അയാൾ ചെയ്തുപോകും . മനുഷ്യനെ മൃഗമാക്കുന്ന
ഈ ഏർപ്പാട് എത്രയെത്ര നിർഭാഗ്യവാൻമാരെ നിത്യ രോഗികളാക്കി
ക്കൊണ്ടിരിക്കുന്നു . എത്രയോ കലാപ്രതിഭകൾ മദ്യത്തിൽ മുങ്ങി മരിച്ചിരിക്കുന്നു . മയക്കുമരുന്നുകളുടെ വിഷ ലഹരിയിൽ വഴിതെറ്റി
വീണുകഴിഞ്ഞിരിക്കുന്നു . ഏറ്റവും ഒടുവിലത്തെ ഉദാഹരണം ഫുട്ബോൾ മാന്ത്രികനായ മറഡോണയുടെ പതനമാണ് . അമിതമായ മയക്കുമരുന്നുപയോഗം അയാളുടെ ഹൃദയത്തെ തൊണ്ണൂറു ശതമാനവും
പ്രവർത്തനരഹിതമാക്കിയിരിക്കുന്നു എന്നാണ് പത്രറിപ്പോർട്ട് .

കോളേജുകൾ, തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങിയവ മാത്രമല്ല വനിതാ ഹോസ്റ്റലുകളിൽ പോലും മയക്കുമരുന്ന്
വിതരണക്കാരുണ്ട് .എല്ലായിടവും അവരുടെ വിഹാരരംഗമായി മാറിക്കൊണ്ടിരിക്കുന്നു

കാലമാണിത് . ഇതിനെതിരായി ശബ്ദിച്ചാൽ ജീവൻതന്നെ നഷ്ടമാകുമെന്ന നിലയാണ് . കള്ളവാറ്റിനെതിരെ പ്രചരണം നടത്തിയ ഒരാളെ മദ്യലോബിയുടെ ഏജന്റ്മാർ തൊഴിച്ച കൊന്ന വാർത്ത ഈയിടെ പത്രപംക്തികളിൽ സ്ഥാനം പിടിച്ചിരുന്നല്ലൊ . അധമവികാരങ്ങൾക്കടിമപ്പെട്ട അധോലോകനായകന്മാർ മയക്കമരുന്ന വ്യാപാരത്തിലൂടെ കോടികൾ സമ്പാദിച്ച് കോടതികളെപ്പോലും സ്വാധീനിക്കാൻ ശ്രമിക്കുന്ന . അവരെ അടിച്ചമർത്താൻ ശ്രമിക്കുന്ന സർക്കാരുകളെ അട്ടിമറിക്കാൻ നോട്ടുകെട്ടുകൾ വാരിയെറിയുന്ന . ഹൃദയമുള്ളവർ നാടിന്റെ ഈ അധഃപതനം കണ്ട് അസ്തപ്രജ്ഞരാവുകയാണ് .ഇപ്പോൾ ഈ ആർഷഭൂമിയിൽ ഒരു കോടിയിലധികം ആളുകൾ മദ്യത്തിനും മയക്കമരുന്നിനും അടിമകളായിരിക്കുന്ന എന്നാണ് അന്താരാഷ്ട്രതൊഴിൽ സംഘടനയുടെ കണക്കുകൂട്ടൽ . മയക്കമന്നിൽ മയങ്ങി വീഴുന്നവരെ പറ്റി ബന്ധുക്കൾ വളരെ വൈകിയാണറിയുന്നത് . ഈ മഹാമാരി പകർച്ചവ്യാദിപോലെ ജന ജീവിതം തകർത്തുകൊണ്ടിരിക്കുമ്പോൾ സാമൂഹ്യ പ്രവർത്തകർ ഇതിനു പോംവഴി കാണാതെ വിഷമിക്കുന്ന .

വിദ്യാർത്ഥികളുടെ ഇടയിൽ മയക്ക മരുന്നുകൾക്കെതിരെ ശക്തമായ പ്രചരണവും ബോധവൽക്കരണവും നടത്താൻ സർക്കാരും ബഹുജനസംഘടനകളും യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനം നടത്തേണ്ടകാലം അതിക്രമീകരിച്ചിരിക്കുന്ന . ക്ലാസ്സുതുടങ്ങുന്നതിനു മുമ്പ് പ്രാർത്ഥനയോടൊപ്പം എല്ലാ വിദ്യാർത്ഥികളെ കൊണ്ടും "മയക്കമരുന്ന് തൊടുകയില്ല " എന്ന് പ്രതിജ്ഞയെടുപ്പിക്കണം . മയക്കമരുന്നുമായി പിടികൂടപ്പെടുന്നവരെ മരണ ശിക്ഷയ്ക്കുതന്നെ വിധേയരാക്കാൻ നിയമം മാറ്റിയെഴുതണം. സ്വബോധമുള്ള ഒരു ജനതയെ ഭാരതത്തിന് വേണമെങ്കിൽ ഇങ്ങനെ തന്നെ ചെയ്യേ മതിയാവൂ . താമസിച്ചാൽ പ്രശ്നപരിഹാരം അസാധ്യമായെന്നു വരാം .





# നിറം

അൻസിയ
10.C



ബന്ധു : ചേച്ചിയുടെ സുഖപ്രസവം ആയിരുന്നോ ?
കുട്ടി സുഖമായിരിക്കുന്നോ ?
അമ്മ : അതെ , സുഖമായിരിക്കുന്നു .
ബന്ധു : കുട്ടി ആണോ പെണ്ണോ ?
അമ്മ : പെണ്ണാണ് .
ബന്ധു : (ദഹിക്കാത്ത രീതിയിൽ ഒരു മൂളൽ ശബ്ദം താഴ്ത്തി ) കുട്ടി
കറുത്തിട്ടാണോ വെളുത്തിട്ടാണോ ?
അമ്മ : (നന്നായി കറുത്ത കുട്ടി ആണെങ്കിൽ )
ഒരു ഇരുനിറമാണ് .
ഗുണപാഠം :

" നിങ്ങളുടെ നിറം നിങ്ങളുടെ ഗുണമല്ല
എന്ന് വിശ്വസിക്കുന്നവർക്ക്, നിറം കൊണ്ട്
അതിർ വരമ്പ് സൃഷ്ടിച്ച ഈ സമൂഹത്തിന്
ഞങ്ങളുടെ നല്ല നമസ്കാരം . '



# അനാഥത്വം

അൻസിയ
10.C

ആരുമില്ലാത്തൊരീ ലോകത്തുനിന്നു ഞാനാ -
രോരുമില്ലാത്ത പൈതലായ്
അമ്മതൻ അമ്മിഞ്ഞപ്പാലെന്ന അമൃതം
അച്ഛന്റെ സ്നേഹശരങ്ങളും
ബാല്യത്തിൽ നിർമ്മലവാത്സല്യവും
അന്യമായിത്തീർന്നൊരു പാപിയാണിന്നു ഞാൻ
ആരും തുണയില്ല ആരോടും കൂട്ടില്ല ......
തനിച്ചാണു ഞാനിന്നു ഭൂമിയിൽ ....!!!!!



ഇരുളും പകലുമെനിക്കൊരന്യമല്ല
പന്ത്രണ്ടു കുലങ്ങൾതൻ അമ്മയായ് മാറിയ
ആ മാതൃത്വത്തിൽ മുലപ്പാൽ ചുരന്നത്
അഗ്നിഹോത്രി നാറാണത്തുഭ്രാന്തനും
പിറന്നതും ആ ഗർഭപാത്രത്തിൽ
അമ്മതൻ മഹത്വമറിയുന്നു ഞാനീ
ചരിത്രത്തിൽ താളുകളിലെ മാതൃത്വം കാണുമ്പോൾ
ആരോരും തുണയില്ലാതിനിയുമെത്ര നാൾ
ഞാനീ അനാഥത്വം പേറിയിനിയുമെത്രനാൾ
അനാഥയാക്കീടുമോ ഭൂമിമാതാവേ നീ എന്നെ
ഭൂമി കാക്കുന്ന മാലാഖമാരെ......
എവിടെയാണെന്റെ ഉത്ഭവമെന്ന ചോദ്യത്തിനുത്തരം
അതിനു നീണ്ടൊരു ഗദ്ഗദം മാത്രമായ് !



# എന്റെ സ്കൂൾ

അഭിഷേക് .പി .എച്ച്
8.B



എന്റെ സ്കൂൾ എന്നാൽ അറിവിന്റെ കേന്ദ്രമാണ് . ധാരാളം അധ്യാപകർ എന്റെ വിദ്യാലയത്തിലുണ്ട് . അവരുടെ കീഴെ ഞങ്ങൾ ആയിരക്കണക്കിന വിദ്യാർത്ഥികൾ വിദ്യ അഭ്യസിക്കുന്നുണ്ട് . വിദ്യാഭ്യാസത്തിന്റെ മാസ്മരിക ലോകം എന്റെ വിദ്യാലയം തീർക്കുന്നു . പ്രകൃതിയോട് ഇണങ്ങിയ ഒരു വിദ്യാലയമാണ് ഞങ്ങളുടേത്. ആധുനിക സൗകര്യങ്ങളുള്ള ക്ലാസ്സ്മുറികൾ . ശുചിത്വത്തിന്റെ കാര്യത്തിലും ഞങ്ങളുടേത് ഒട്ടും പിറകിലല്ല . സ്കൂൾ മുറ്റത്ത് മനോഹരമായ ഒരുദ്യാനമുണ്ട് . അവിടെ ധാരാളം ചെടികളും ആ ചെടികളിലെ തേൻ നുകരാൻ ഒത്തിരി വിരുന്നുകാരും ഞങ്ങളുടെ വിദ്യാലയത്തിൽ എത്താറുണ്ട് മാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റുകൾ . അങ്ങനെ എല്ലാത്തിലും ഞങ്ങളുടെ സ്കൂൾ മുന്നിലാണ് .

വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിൽ പരസ്പരം സൗഹൃദമുണ്ട് . പാഠപുസ്തകങ്ങളുടെ പുറത്തുള്ള അറിവും ഗുരുനാഥന്മാർ ഞങ്ങൾക്ക് പകർന്നുതരുന്നു . വിദ്യാഭ്യാസത്തിന് പുറമെ കലാകായിക പരമായും ഞങ്ങളുടെ സ്കൂൾ മുന്നിലാണ് . ഈ വിദ്യാലയത്തിന്റെ കീർത്തി എന്നെന്നും നിലനിൽക്കട്ടെ .....................

# എന്റെ ഗ്രാമം



എന്റെ ഗ്രാമം പരുത്തിപ്പള്ളിയാണ് . നിറയെ പാടങ്ങളും മരങ്ങളും പൂക്കളും മൃഗങ്ങളും ജീവജാലങ്ങളും എന്റെ ഗ്രാമത്തിലുണ്ട്. എന്റെ ഗ്രാമത്തിൽ നിറയെ കൊച്ചു കൊച്ചു വീടുകൾ ഉണ്ട് . എന്റെ ഗ്രാമത്തിൽ അതിമനോഹരമായ ഒരു കുളമുണ്ട് . ഈ കുളത്തിൽ ദിവസവും അരയന്നകൂട്ടങ്ങൾ നീന്തികളിക്കാനായി എത്താറുണ്ട് . എന്റെ ഗ്രാമത്തിൽ "തൃത്താമര"എന്ന അതിപ്രശസ്തമായ അമ്പലമുണ്ട് . പിന്നെ പച്ചവിരിച്ച പരവതാനി പോലുള്ള നെൽപ്പാടങ്ങളുണ്ട് . ആ പാടങ്ങളിൽ സ്വർണ്ണനിറത്തിലുള്ള നെൽമണികളും . നിറയെ പൂക്കളും പൂവിൽനിന്ന് തേൻ നുകരാൻ ചിത്രശലഭക്കൂട്ടങ്ങളും എത്താറുണ്ട് .

അനശ്വര.കെ
8.B



# പഴഞ്ചൊല്ലുകൾ

ലക്ഷ്മി
6A

അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
(വേണ്ടവരോട് എതിരിടാതെ വീട്ടുകാരോട് കയർക്കുക .)

അടിതെറ്റിയാൽ ആനയും വീഴും .
(എത്ര വലിയവനായാലും ചുവടുപിഴച്ചാൽ വീഴുക തന്നെ ചെയ്യും .)

അണ്ണാൻകുഞ്ഞും തന്നാലായത് .
(എത്ര ചെറിയവനായാലും എളിയ സഹായം ചെയ്യാൻ സാധിക്കും .)

അകത്തു കത്തിയും പുറത്ത് പത്തിയും .
(ഉള്ളിൽ വെറുപ്പും പുറമെ സ്നേഹവും കാണിക്കുന്ന സ്വഭാവം .)

അഴകുള്ള ചക്കയിൽ ചുളയില്ല .
(പുറമെ ഭംഗി മാത്രം അന്തസാരമില്ല .)

ആദ്യം ചെല്ലുന്നവന് അപ്പം നേടും .
(ഉത്സാഹമുള്ളവന് വിജയം നിശ്ചയം .)



# അഭിനവ കവി

പ്രേമൻ. കെ
പി.ഡി ടീച്ചർ



താമര ദേശീയ പുഷ്പമല്ല
പകരം
രക്തസാക്ഷിയുടെ പേരുതേടണം
കൽബുർഗി , പൻസാരെ , ദബോൽക്കർ
നമ്മുടെ ദേശീയചിഹ്നങ്ങളൊക്കെ മാറ്റണം
അയ്യപ്പനെ ദൈവമല്ലാതാക്കണം
ബുദ്ധഭിക്ഷുവിന്റെ പേരിടണം
നമ്മുടെ ആചാരങ്ങളൊക്കെ ലംഘിക്കപ്പെടണം
നമ്മുടെ ലൈബ്രറികൾക്ക് തീപിടിച്ചെന്നറിയിച്ച്
ആളെ കൂട്ടണം
ഫാസിസത്തിന്റെ കടന്നാക്രമണമെന്ന് കേഴണം
കുറത്തിയും കാട്ടാളനും ബംഗാളും പാടാൻ പറയണം
രമണന്റെ ഊഞ്ഞാലുകെട്ടിയ മരം വെട്ടിമാറ്റണം
ചന്ദ്രൻ ഹിന്ദുവാണെന്നും നിലാവിന്റെ നിറം കാവിയാണെന്നും
എഴുതിയാൽ മാത്രം ജയിക്കുന്ന പരീക്ഷകളാണിനിയെന്ന
പറഞ്ഞ് ആളുകളെ പേടിപ്പിക്കണം .
എനിക്ക് പുതിയ കവിയാകണം
നവോത്ഥാന കവി............?
അതാണ് ഇപ്പോഴത്തെ ട്രെന്റ്



സാന്ദ്ര
8B

# തേങ്ങും പുഴ



കളകളമൊഴുകി പുഞ്ചിരിതൂകി
വരുന്നീ പുഴ
കരയിലെ പുൽനാമ്പുകളെ കുളിരണിയും
എൻ പുഴഅവളുടെ ഹൃദയം നിറഞ്ഞൊഴുകും പുഴ
എല്ലാവർക്കും പുഞ്ചിരിതൂകി കൊണ്ട് ഒഴുകുമീ പുഴ
എന്നാലിന്നീപുഴ കരയുന്നു
എൻ പുഴ തേങ്ങുന്നു
ഇന്ന് എൻ പുഴ വറ്റുന്നു.....വരളുന്നു.....
ഒരടിപോലും ചലിക്കാൻ കഴിയാതെ
എൻ പുഴ ഇന്ന് കണ്ണീർ തൂവുന്നു
അവൾ അന്നും ഇന്നും
സങ്കടങ്ങൾ ആരെയും പറഞ്ഞറിയിക്കാതെ
സന്തോഷപൂർവ്വം ഒഴുകുന്നു
അവളുടെ കണ്ണുനീർ പുഴ ഇന്നും
തോരാതൊഴുകുന്നു.......



# പാഴ്ച്ചെടി

വിസ്മയ.എം.വി
8.A



കാണുന്നവർക്ക് ഞാൻ വെറുമൊരു പാഴ്ചെടി
എൻ ജീവിതം എനിക്ക് ആസ്വദിക്കാൻ
ഈ ഭൂമി തന്നെ ധാരാളം
സൂര്യന് എല്ലാ ചെടികളും ഒരു പോലെയല്ലേ
സഫലമീ യാത്രയിൽ ഒരു പാഴ്ചെടിയായി
തീർന്നൊരെൻ അവസ്ഥ!
ചിലരെന്നെ ചവിട്ടി അരയ്ക്കും
ചിലരെന്റെ ജീവനെ പിഴുതെടുക്കും
എൻ ജീവൻ ഒടുങ്ങും മുൻപ്
ജീവിതം പൂർണമായും ആസ്വദിക്കാൻ
കഴിയണേ ദൈവമേ.....
എന്നൊരു പ്രാർത്ഥന മാത്രം
എൻ മനസ്സിൽ.



# നറുങ്ങുകൾ

ഏതു ദേവ് .പി ടി
10C



## പക

ഇന്നലെ തുടങ്ങിയതാണെൻ പക
കുഞ്ഞുനാളെനിക്കെൻ കുഞ്ഞനുജത്തിയോടായ്....
പാഠശാലയിലേറെ പഠിക്കും സതീർത്ഥ്യനോടായ്,
കൗമാരത്തിലതു സുമുഖരോടായ്
യൗവനത്തിലേറെ മിടുക്കരോടും...
വാർദ്ധക്യത്തിലേറെ ആരോഗ്യരോടും...
മരണമടുക്കുംതോറും മരത്തോടായ് എൻ പക..!

## പ്രളയം

വെയിൽ തടഞ്ഞ മലയിടിച്ചൊരു മാളിക പണിതു-
മല തുരന്ന് മഴയൊഴുകി

മഴയും പുഴയുമൊന്നായി....
മഴയും പോയെൻ മാളികയും പോയ്
മാനം നോക്കിയിരുന്നു ഞാൻ....!

## ജീവിതം

കല്ലാകണം ........
വലിയൊരൊറ്റക്കല്ലാകണം....
ഒഴുകുന്ന പുഴയിലൊരൊറ്റക്കല്ലാകണം
ഒഴുക്കു വെള്ളം തട്ടി തട്ടി തേഞ്ഞുതേഞ്ഞില്ലാതാവണം...!

## രക്ഷ

ഭൂമിക്കാകെ തണലേകുന്നൊരൊറ്റ മരമാകണം..........
വേരുകൾ പാതാളത്തിലേക്കുന്നണം...,
മലവെള്ളപ്പാച്ചിലിൽ മലപോലെ നിൽക്കണം..!

## വികസനം

ഗ്രാമങ്ങളെല്ലാം നഗരങ്ങളായി....

മാർഗ്ഗങ്ങളെല്ലാം രാജപാതകളായി ....

രാജപാതകൾക്ക് നമ്മളനുയോജ്യരല്ലാതായി...

നമ്മൾ നാടില്ലാ നായാടിയായി ...!

## ആയുസ്സ്

പാറിവന്നുതിർന്നു വീണു....!
ചിറകൊടിഞ്ഞൊരു ചിത്രശലഭം........!

# ഇന്ന് കാണുന്നവ നാളെ ഉണ്ടാകുമോ.....



മീര.സി.എം
8A



കുന്നിൻ ചെരുവിൽ താഴെയായൊരു
പച്ചപുതച്ചൊരു വയലുണ്ട്
വയലിൻ അരികിലെ തെങ്ങിൻപൊത്തിൽ
നെൽക്കതിർ കൊത്തുന്ന തത്തയുണ്ട്
അമ്പലമുറ്റത്താലിൻ ചുവട്ടിലായ്
കിന്നാരം പറയുന്ന ചങ്ങാത്തമുണ്ട്
ചങ്ങാതിമാരൊത്ത് ചായകുടിക്കും നേരം
കൂട്ടിനു ചായക്കടയിലെ ചൂടൻ വാർത്തയുണ്ട്
കാലം ചെല്ലും തോറും മൺമറഞ്ഞു
തുടങ്ങുന്ന നിഷ്കളങ്കത ഇപ്പോഴും
എവിടെയോ ഇത്തിരി ബാക്കിയുണ്ട്



# പാക്കനാരുടെ ബാല്യം

സുദിന.കെ.കെ
8A




പറയിപെറ്റ പന്തിരുകുലത്തിലെ അംഗമായ പാക്കനാരെ എടുത്തുവളർത്തിയത്തിത് ഒരു പറയനായിരുന്നു. ചെറുപ്പം മുതല്ക്കുത്തന്നെ പാക്കനാർ മുളവെട്ടാനും മുറമുണ്ടാക്കാനും ശീലിച്ചു. തന്റെ വളർത്തച്ഛന്റേയും അമ്മയുടേയും കൂടെ നിത്യവും കാട്ടിലേക്കു പോകുന്ന പാക്കനാർ കാറ്റും മഴയും വെയിലും കൊണ്ട് കരുത്തനായി വളർന്നു.

പറയൻ ഒരു മനുഷ്യനല്ല;മറിച്ച് മൃഗത്തേക്കാൾ താണവനാണ് എന്ന ചിന്ത വച്ചുപുലർത്തുന്ന ഒരു കാലഘട്ടത്തിലായിരുന്നു പാക്കനാരുടെ ബാല്യം. വെയിലും മഴയും കൊള്ളണം, കാട്ടിൽ പോകണം . മുള വെട്ടണം,മുറവും പരമ്പും ഉണ്ടാക്കണം. കിട്ടണ കാശിന് വിൽക്കണം . പട്ടിണി കിടക്കണം. യജമാന്മാരുടെ വീട്ടൽ പോത്തും എരുമയും മൂരിയും പശുവും ചത്താൽ എടുത്തുകൊണ്ടുവരണം . തമ്പ്രാക്കന്മാർ വരുമ്പോൾ വിളിപ്പാടകലെ മാറിനിൽക്കണം. ഇല്ലങ്കിൽ തമ്പ്രാനെ അശുദ്ധിബാധിക്കും. വല്യ വല്യ വീടുകളുടെ പടിപ്പുരകളിൽ ചെന്നുനില്ക്കാനേ പറയനും പുലയനും അക്കാലത്ത് അവകാശമുണ്ടായിരുന്നുള്ളൂ.

ഈ അനാചാരങ്ങളെയെല്ലാം പാക്കനാർ നഖശിഖാന്തം എതിർത്തു . തങ്ങളുടെ പുത്രനെ അതിൽ നിന്നെല്ലാം വിലക്കാൻ ഒരുമ്പെട്ട പറയദമ്പതികളോടു പാക്കനാർ പറഞ്ഞതിങ്ങനെയാണ് :
"അച്ഛാ, അമ്മേ, നിങ്ങൾ ധൈര്യമായിരിക്കു ഇപ്പോ തോൽവി സമ്മതിച്ച് ഈ അനാചാരങ്ങൾക്കെതിരെ നാം പ്രതികരിക്കാതിരുന്നാൽ ജീവിതകാലം മുഴുവനെന്നല്ല നമ്മുടെ വരും തലമുറകൾക്കും ഈ കഷ്ട്പ്പാടുകൾ സഹിക്കേണ്ടിവരും എനിക്കൊരു ആപത്തും വരില്ല. ഞാനല്ലേ പറേണത്". പാക്കനാരുടെ ഈ ധീരത ഒന്നുകൊണ്ട് മാത്രം പറയരും മനുഷ്യരാണെന്ന ചിന്ത തമ്പ്രാക്കന്മാരിൽ ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞു. അധ്വാനശീലനായ പാക്കനാർക്ക് കുട്ടിക്കാലത്ത് രണ്ടക്ഷരം പഠിക്കാൻ സാധിച്ചില്ല.അവരെ പഠിപ്പിക്കാൻ സമൂഹം സന്നദ്ധവുമല്ലായിരുന്നു . എന്നാലും പാക്കനാരുടെ ധീരതയും വിജ്ഞാന സമ്പാദനത്തിലുള്ള താല്പര്യവും മനസ്സിലാക്കി ഒരു എഴുത്തച്ഛൻ ഇരുചെവിഅറിയാതെ രഹസ്യമായി അദ്ധേഹത്തെ അക്ഷരം പഠിപ്പിക്കാൻ തയ്യാറായി. ഉത്സാഹത്തോടെ ഓലയും നാരായവുമായി നിത്യവും നേരം പുലരുന്നതിന് മൂന്നുനാഴികയുള്ളപ്പോൾ എഴുത്തച്ഛന്റെ വിട്ടിൽ ചെന്നിരുന്നു. പാക്കനാർ വളരെ ചുരുങ്ങിയ ദിനം കൊണ്ടു തന്നെ വിദ്യാസമ്പന്നനായി തീർന്നു . “ഇനിയുള്ള പഠനം ജീവിതത്തിൽ നിന്നും താനേ കൈ വന്നോളും " എന്നു പറഞ്ഞ് മിടുക്കനായ തന്റെ അരുമശിഷ്യനെ യാത്രയാക്കിയ ഗുരുനാഥന് പാക്കനാർ നൽകിയ ഗുരുദക്ഷിണ എന്തായിരുന്നെന്നോ ?


"ഒരു ചളിക്കട്ടയായിരുന്ന എന്നിൽ ഗുരുനാഥനായ അങ്ങ് വൈരക്കല്ലുകൾ പതിച്ചുവച്ചു ആ ശോഭയിൽ ഞാനാകുന്ന ചളിക്കട്ട അലിഞ്ഞില്ലാതായി . നന്ദികൊണ്ട് തുടിക്കുന്ന ഒരു ഹൃദയമെല്ലാതെ ഗുരുദക്ഷിണയായി നൽകാൻ ഈയുള്ളവന്റെ കൈയ്യിലൊന്നുമില്ല . ഗുരോ ഈ ശിഷ്യനെ അനുഗ്രഹിച്ചാലും!" ഈ അർത്ഥം വരുന്ന സംസ്കൃത ശ്ലോകം അവിടെ വച്ചുതന്നെ ഉണ്ടാക്കി ഗുരുവിന് നൽകിയതാണ്.പാക്കനാരുടെ ഗരുദക്ഷിണ.

യുവാവായ പാക്കനാർ യഥാകാലം ഒരു പറയി പ്പെണ്ണിനെ വിവാഹം കഴിച്ചു .അവളിൽ പാക്കനാർക്കു പിറന്ന ഉണ്ണിക്ക് 'ജാതിയും മതവുമില്ലാത്തവൻ'എന്നർത്ഥം വരുന്ന അമതൻ എന്ന പേരാണ് പാക്കനാർ ഇ പന്തിരു കുലത്തിലെ മറ്റംഗങ്ങളെപ്പോലെത്തന്നെ തികഞ്ഞ ദിവ്യനായിരുന്നു പാക്കനാരും.ദിവ്യത്വം തുളുമ്പുന്ന അദ്ദേഹത്തിന്റെ കഥകളിലേക്ക് നമുക്ക് കടന്നു ചെല്ലാം.



അശ്വതി .ട്ടി.ട്ടി
8A

# കവിത



shutterstock.com • 413439079

മക്കളായ് നാലുപേരുണ്ടെങ്കിലും
അമ്മ ഏകയാണേകയാണീ ഊഴിയിൽ
അച്ഛൻ മറഞ്ഞൊരു കാലം മുതൽക്കമ്മ
ഭാരമായ് തീർന്നുവോ നാലുപേർക്കും

നാഴരിമണ്ണും പകുത്തെടുത്ത് മക്കൾ
നാലുവഴിക്കായ് പിരിഞ്ഞുപോയി
അച്ഛന്റെയാത്മാവുറങ്ങുന്ന
മണ്ണിലന്നന്തിത്തിരി കൺതുറന്നതില്ല
ഉള്ളം തുളുമ്പുന്നൊരോർമ്മകൾ
നോവിന്റെയാഴം പെരുക്കിച്ചിതയൊരിച്ചു

ദൃശ്യകുനം പോലെ അമ്മയെക്കണ്ടൊരാ
മക്കൾ നടന്നു മറയുന്നതും നോക്കി

ചെല്ലക്കഥകൾ നുകർന്നു രസിച്ചൊരാ
പേരക്കിടാവോടി വന്ന നേരം
ശാസിച്ചു നിർത്തി മരുമകളെങ്കിലും
മുത്തശ്ശിക്കൊപ്പമൊന്നോടിയെത്താൻ
കൈ നീട്ടി നിന്നു കരഞ്ഞുപൈതൽ
അന്യയായമ്മൂമ്മ നൊന്തു നിൽക്കേ
വിങ്ങിനിറുങ്ങിയോ കുഞ്ഞിൻമനം
നിർമല ബാല്യമേ നിന്നിൽ
പക നട്ടൊരച്ഛനും അമ്മയും എന്തു നേടി
മക്കളെ ഓർക്കുക തീരാത്ത ദുരിതമായ്
നിങ്ങളെ ചൂഴുന്ന താപമായ്
തീരുമീ മാതൃ ശാപം
ആരോ വിലയിട്ടൊരാനാലുകെട്ടിന്റെ
നോവുപോലമ്മ പകച്ചുനിന്നു.
നേരമില്ലമ്മയെ നോക്കുവാനെന്നെല്ലാ
മക്കളുമൊന്നായ് പറഞ്ഞെങ്കിലും
നാൽവരിലാരെങ്കിലും വന്നു
കൈപിടിച്ചൊപ്പം
നടക്കുമെന്നാശിച്ചുപോയ്
ആശകൾ പിന്നെയും ബാക്കിയാക്കി
പാതിവഴിയിൽ മറഞ്ഞൊരാ
അച്ഛന്റെ ഓർമ്മയിലമ്മ പിടഞ്ഞുവീഴെ
കൈപിടിച്ചാരോ നടത്തി അമ്മയെ
ശരണാലയത്തിൽ കവാടം വരെ
ഏകയായ് തീർന്നൊരീ അമ്മതൻ നെഞ്ചിലെ
തീയൊന്നുനയുവാൻ
ഒരു വട്ടമെങ്കിലും പോരുമോ മക്കളെ
ഈ വഴിയേ
പ്രതിക്രിയയായ് വന്നു കൂട്ടിയാലും
തീരുമോ മക്കളെ നിങ്ങളെ പോറ്റിയ
പെറ്റവയറിന്റെ തീരാക്കടം????
പെറ്റവയറിന്റെ തീരാക്കടം???



# പ്രിയ കർണികാരമേ

രതീദേവി
പി.ഡി. ടീച്ചർ

എന്തിനിത്ര  തിടുക്കത്തിൽ പൂത്തു
നീയെന്റെ പ്രിയ കർണികാരമേ
മീനമാസം തുടങ്ങിയതല്ലേയുള്ളൂ
മേടമെത്താനിനിയുമില്ലേ ബാക്കി.
എത്ര പൊന്നിൽ കുളിച്ച നിന്നാലു-
മെന്റെ യുണ്ണിയ്ക്കു നെറുകയിൽ ചൂടാ-
നിത്തിരി നിന്റെ സൗവർണ്ണമുത്തുകൾ
വേണമെങ്കിലേയെൻ കണി മേടക്കണിയാവൂ

കാലമിതു വല്ലാത്ത കാലമാണല്ലോ
കീഴ്മേലെല്ലാം മറിയുന്ന കാലം
പിന്നെ നീ മാത്രമെന്തിനാണല്ലേ
പതിവുകൾക്കു കാത്തു നിൽക്കേണ്ടൂ?
എങ്കിലും പ്രിയ കർണികാരമേ-
യിത്ര നേരത്തേ പൂവിട്ടതെന്തേ?
ഏറെ നരച്ചതാം കാഴ്ച്ചകൾ ചുറ്റിലും
കണ്ടു കണ്ടെന്റെ മിഴികൾ വരണ്ടുപോയ്

പൂത്തുലഞ്ഞു നീ നിൽപ്പതു കാണുമ്പോ
ളിന്നവയ്ക്കൊരു നിറകണികണ്ടുപോലവേ
ഗ്രീഷ്മമെത്ര തപിച്ചാലും ചുടു
കാറ്റു വീശിയടിച്ചാലുമോമനേ
നീയെനിക്കായി ബാക്കിവെയ്ക്കണേ
നിന്റെ കാഞ്ചന സൗഭഗമിത്തിരി.

# പ്രളയ ദുരന്തങ്ങൾ

2018-ലെ പ്രളയം അതിഭീകരമായിരുന്നു.നാൾക്കുനാൾ മരണങ്ങൾ കൂടി കൂടി വന്നു ഇതേ കുറിച്ച് ചിലരുടെ അഭിപ്രായം ഇങ്ങനെ 'പ്രകൃതി ക്ഷോഭിച്ചത് കൊണ്ടാണ് പ്രളയമുണ്ടായത് 'മറ്റു ചിലരുടെ അഭിപ്രായം ഇങ്ങനെയും'ഇതിനു പിന്നിൽ ശാസ്ത്രീയമായൊരു കാരണമാണ് 'എന്തായാലും കേരളീയ ജനതയുടെ എണ്ണം ഒന്നു കുറഞ്ഞു.ഏകദേശം നൂറോളം മരണങ്ങൾ നാം കേട്ടറിഞ്ഞു

മഴവെള്ളപ്പാച്ചിലിൽ ഒലിച്ചിറങ്ങിയ ഒരുപാട് ജീവിതങ്ങൾ.വീടും സ്ഥലവും നഷ്ടപ്പെട്ട് തെരുവിലിറങ്ങിയ മനുഷ്യ ജന്മങ്ങൾ. സ്വന്തവും ബന്ധവുമില്ലാതെ അനാഥരായ മനുഷ്യർ.വീടുവിട്ട് ദുരിതാശ്വാസ ക്യാമ്പിൽ ഒന്നര മാസത്തോളം കഴിച്ചു കൂട്ടിയ ദുരിതപൂർണ്ണമായ ദിനങ്ങൾ.വീടും പുരയിടവും രണ്ടായി പിളർക്കാൻ കാരണമായ ഉരുൾപൊട്ടലിൽ അവർക്ക് നഷ്ടപ്പെട്ടത് അവരുടെ ജീവിതമാണ്.ഒരു രാത്രി കണ്ണടച്ചു തുറന്നപ്പോൾ അവർക്ക് മുന്നിൽ ഒരു വൻകടൽ തന്നെ പ്രത്യക്ഷപ്പെട്ടു .

ഈ പ്രളയത്തിൽ ഞങ്ങളുടെ ജില്ലയായ പാലക്കാടിൽ  പലയിടത്തും വെള്ളം പൊങ്ങി .മഴയുടെ കൂടെ ഒലിച്ചിറങ്ങിയത് കേരളീയ ജനതയുടെ കണ്ണീരും കിനാവുമാണ്.അപ്പോഴും അവർക്ക് തുണയായത് സുരക്ഷാസേനകളും പോലീസ് പരിരക്ഷയുമാണ്.പ്രളയദുരിതമേഖലയിൽ ഒറ്റപ്പെട്ടവരെ വിമാനത്തിലൂടെ സഞ്ചരിച്ച് രക്ഷപ്പെടുത്തിയവർ,ആളുകളുടെ വിശപ്പടക്കാനായി ഭക്ഷണപ്പൊതികൾ വാരി വിതറിയ സുരക്ഷാസേന,ആളുകളെ ദുരിതാശ്വാസക്യാമ്പിൽ എത്തിച്ച് അവരുടെ ജീവൻ നിലനിർത്താൻ കാരണമായവർ എന്നിങ്ങനെ ഒറ്റകെട്ടായി പ്രവർത്തിച്ച കേരളാ ജനസമൂഹം. മുൻപ് ഒരു പ്രളയം വന്നിരുന്നു . ആ പ്രളയത്തിന് ശേഷവും കേരളത്തിൽ മഴപെയ്തിട്ടുണ്ട് എന്നാൽ ഇത്ര വലുതായിരുന്നില്ല .ജൂൺ , ജൂലൈ  മാസങ്ങളിൽ പെയ്യാറുള്ള മഴയെക്കാൾ അധികമായിരുന്നു ഈ വർഷത്തെ മഴ അതു മൂലം പല

നഷ്ടങ്ങളുണ്ടായി . കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർത്തലാക്കി. കോടിക്കണക്കിന് നഷ്ടം വിതക്കാൻ വന്ന മഴ മനുഷ്യന്റെ ശത്രുവാണോ എന്നുവരെ പലരും സംശയിച്ചു . പാലക്കാടിൽ കെട്ടിടം മഴയിൽ നശിച്ചതോടെ അവിടെ കച്ചവടം ചെയ്ത് ജീവിച്ചവരുടെ ജീവിതം വഴിമുട്ടി.

മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈയയച്ച് സംഭാവന ചെയ്തവർ ഏറെയാണ് .കൂടാതെ അന്യസംസ്ഥാനങ്ങിൽ നിന്നും കൈനിറയെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചിട്ടുണ്ട്. അത് മരണംവരേക്കും കേരളീയർ മറക്കില്ല .

ഇതിനുമുമ്പ് കേരളം നേരിട്ട പ്രതിസന്ധിയായ നിപ്പ എന്ന വൈറസ് പനി അതിനെ അതിജീവിച്ച് വരുമ്പോൾ ഇതാ വീണ്ടും വേറെ ദുരന്തം "പ്രളയം ". എന്നാൽ നാം എല്ലാം അതിജീവിക്കും .കാരണം നങ്ങൾ കേരളത്തിന്റെ മക്കളാണ്............

സഹ്‌ല പർവീൻ. എ. എം
9C



# ഇമ്മിണി ബല്ല്യ സുൽത്താൻ(ബഷീറിനെക്കുറിച്ച്)

രുദ്ര.എൻ. വി
9B

മലയാളഭാഷയെ മലയാളിമനസ്സിന്റെ
മലയാളതനിമയിലുണർത്തുന്നിതാ
വിശ്വസാഹിത്യത്തിൻ പടികളെണ്ണി
മലയാളമുണരും കൃതികളിതാ
തേൻതുള്ളിതുള്ളിക്കളിക്കും രചനകളിതാ
തൂലികാമുനമ്പിൽനിന്നിറ്റുന്നിതാ
ഉയർന്നുപൊങ്ങുന്ന മതിലുകളിതാ
മാധുര്യം തുളുമ്പുന്ന ശബ്ദങ്ങളിതാ
കളിക്കൂട്ടിനായ് ബാല്യകാലസഖിയിതാ
പ്രണയത്തിൻ ചാരുതയേകുന്ന പ്രേമലേഖനമിതാ
വെട്ടിത്തിളങ്ങുന്ന രചനതൻ ഈടുകളിതാ
സൗന്ദര്യം നുകരുന്ന കൃതികളിതാ
ആനന്ദക്കടലായ് തിരമാലയടിക്കുന്നിതാ
ചാരുകസേരയിലിരിക്കുന്നിതാ
"ഇമ്മിണി ബല്ല്യൊരു സുൽത്താനിതാ......."

# നീ അത്രമാത്രം വളർന്നോ...?



ഇഷ്റാഖ്.എ.ഐ
9C

അച്ഛൻ എന്നുള്ളൊരു
വാക്കിനുള്ളിൽ
ഒതുങ്ങുവാനാവാത്ത
സ്നേഹമുണ്ട്
അമ്മയെന്നുള്ളൊരു
വാക്കിനുള്ളിൽ
മനസ്സെന്ന പൂവിന്റെ
ഗന്ധമുണ്ട്
ശിശുവായ നീ ഇന്നു വലുതായിയോ
വളർന്നു.............നീ
ജോലിയും,മക്കളും,വീട്ടുമാക്കി
ഇന്നിതാ നിന്നുടെ
കാൽക്കീഴിൽ അവർ
അതാ വാടിയ
പൂവിനെ പോലുള്ളൊരച്ഛനും
അമ്മയും

മക്കൾക്കുമുന്നിലവർ
വൃദ്ധരോ...?
സുഹൃത്തിന്റെ മുന്നിലവർ
ഭ്രാന്തരോ...?
നിന്നുടെ മുന്നിലവർ
അഭമാനയോ...?

എന്തിനു പിന്നെ നീ
ആ രണ്ടു പൂക്കളെ
നീയെന്ന മകനുണ്ടായിരുന്നിട്ടും
അനാഥാലയത്തേയ്ക്കു തള്ളിവിട്ടു.......

# നന്ദി

ഈ സംരംഭം വിജയിപ്പിക്കുന്നതിന് മാർഗനിർദ്ദേശങ്ങൾ നൽകിയ പ്രധാനധ്യാപിക, സൃഷ്ടികൾ തെരഞ്ഞെടുക്കുന്നതിന് സഹായിച്ച അധ്യാപകർ, തങ്ങളുടെ രചനകൾ നൽകി ഈ മാഗസിന് കൂടുതൽ ചാരുതയേകിയ കൊച്ചു കൂട്ടുകാർ, മുന്നിലും പിന്നിലും നിന്ന് ഞങ്ങൾക്ക് പ്രചോദനമേകിയ സുമനസ്സുകൾ തുടങ്ങി എല്ലാവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു .